# മലയാള വ്യാകരണം

## *V SEMESTER*

## *CORE COURSE*

## *BA MALAYALAM*

*(2011 Admission)*

# UNIVERSITY OF CALICUT


**SCHOOL OF DISTANCE EDUCATION**

**Calicut university P.O, Malappuram Kerala, India 673 635.**


**147**

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

## STUDY MATERIAL

## Core Course

## BA MALAYALAM

## V Semester

# മലയാള വ്യാകരണം

*Prepared by:*

*Sri. A. P Sasidharan,*
*Asst. Professor,*
*Department of Malayalam,*
*A.V.A.H Arts & Science College,*
*Payyoli Angadi.*

*Scrutinized by:*

*Dr. Anilkumar. V,*
*Professor & Head,*
*Department of Malayalam & Kerala Studies,*
*University of Calicut.*

*Layout:* *Computer Section, SDE*

©
Reserved

| ഉള്ളടക്കം | | പേജ് നമ്പർ |
|---|---|---|


| | | |
|---|---|---|
| മൊഡ്യൂൾ – 1 | ധ്വനി. വർണം | 5 |
| മൊഡ്യൂൾ – 2 | ശബ്ദവിഭാഗം | 16 |
| മൊഡ്യൂൾ – 3 | നാമവിഭാഗം | 21 |
| മൊഡ്യൂൾ – 4 | ക്രിയാ വിഭാഗം | 30 |
| മൊഡ്യൂൾ – 5 | വാക്യവിചാരം | 44 |

# മൊഡ്യൂൾ 1

## ധ്വനി. വർണം

**<u>അക്ഷരം</u>** : ആശയവിനിമയത്തിനായി മനുഷ്യൻ കണ്ടെത്തിയ ഏറ്റവും പ്രധാന ഉപാധിയാണ് ഭാഷ. പ്രകൃതിയിലെ മറ്റു ജീവികളിൽ നിന്ന് മനുഷ്യനെ വ്യത്യസ്തനാക്കി തീർക്കുന്ന ഘടകവും ഇത് തന്നെ. പദപ്രയോഗവും പാദപ്രയോഗവുമാണ് മനുഷ്യന്റെ പ്രധാന സവിശേഷതകൾ. ഭാഷ യുടെ സ്വരൂപഘടനയെക്കുറിച്ച് ചിന്തിച്ച വൈയാകരണരെല്ലാം തന്നെ ഭാഷയുടെ അടിസ്ഥാന ഘടകമായി കല്പിക്കുന്നത് വർണ്ണത്തെയാണ്. വായിൽ നിന്നു പുറപ്പെടുന്ന ഒറ്റധ്വനിയാണ് വർണ്ണം. നിശ്വാസവായുവിന്റെ ഒരു തരംഗത്തിൽ നടക്കുന്ന ഉച്ചാരണമാണത്. വർണ്ണത്തെ എഴു തിക്കാണിക്കാൻ നിർവ്വാഹമില്ല. അക്ഷരത്തെ മാത്രമേ എഴുതിക്കാണിക്കാൻ കഴിയു. സ്വരം തനി യേയോ, വ്യഞ്ജനങ്ങളോടൊപ്പമൊ നിൽക്കുമ്പോഴാണ് അക്ഷരമാവുന്നത്. അതിനെകുറിക്കുന്ന ചിഹ്നങ്ങളാണ് ലിപികൾ. മലയാളത്തിൽ എല്ലാ വ്യഞ്ജനങ്ങളേയും 'അ' എന്ന സ്വരം ചേർത്ത് വ്യവസ്ഥ ചെയ്തിരിക്കുന്നു.

അക്ഷരമാല ഉപയോഗിക്കുന്ന ഭാഷകളും വർണമാല ഉപയോഗിക്കുന്ന ഭാഷകളും ഉണ്ട്. ഇന്ത്യൻ ഭാഷകളിലെല്ലാം അക്ഷരമാലയാണ് പ്രചാരം. ഇംഗ്ലീഷിൽ വർണമാലയാണ് ഉപയോഗി ക്കുന്നത്. നാം എല്ലാ വ്യഞ്ജനങ്ങളേയും സ്വരം ചേർത്ത് വ്യവസ്ഥപ്പെടുത്തിയതിനാൽ ഇംഗ്ലീഷി ലേതുപോലുള്ള വർണ്ണനിയമ പ്രശ്നങ്ങൾ നമുക്കുണ്ടാവുന്നില്ല. എഴുതുന്നപോലെ തന്നെ ഉച്ചരി ക്കാനും കഴിയുന്നു എന്നതാണ് നമുക്കുള്ള ഗുണം.

**മലയാളത്തിലെ അക്ഷരങ്ങൾ :**

മലയാളം ഉൾപ്പെടുന്ന ദ്രാവിഡഭാഷകളിൽ 'ഋ'കാര ' ഞ ' കാരങ്ങളും അനുസ്വാരവും വിസർഗ്ഗവും ഒഴികെ പന്ത്രണ്ട് സ്വരങ്ങളും അതിഖര മൃദുഘോഷ ഊഷ്മാക്കളും ഹ കാരവും ഒഴികെ 18 വ്യഞ്ജനങ്ങളും ചേർന്ന് മുപ്പത് അക്ഷരങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. ലീലാതില കത്തിൽ പാട്ടിന്റെ ലക്ഷണപ്രകാരം വരുന്ന ദ്രമിഡസംഘാതപാഠം ഇതാണ്.

കേരളപാണിനീയത്തിൽ രാജരാജവർമ്മ അക്ഷരമാലയെക്കുറിച്ച് വിശദമായ പഠനം നട ത്തുന്നുണ്ട്. 16 സ്വരങ്ങളും 37 വ്യഞ്ജനങ്ങളും ചേർന്ന് ആകെ 53 അക്ഷരങ്ങളാണുള്ളതെന്ന് അദ്ദേഹം പറയുന്നു. ഇതിൽ 'ഋ' കാര ' ഞ ' കാരങ്ങളുടെ ഹ്രസ്വദീർഘങ്ങൾ ഉൾപ്പെടുത്തുകയും അനുസ്വാരം വിസർഗ്ഗം ഇവ ഒഴിവാക്കുകയും ചെയ്താണ് സ്വരസംഖ്യ 16 ആക്കി മാറ്റിയത്. വ്യഞ്ജനങ്ങളിലാവട്ടെ വർത്സ്യഖരമായ 'റ്റ' ഒഴിവാക്കുകയും വർത്സ്യാനുനാസികമായ ' ഩ ' ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| സ്വരങ്ങൾ : | അ | ആ | ഇ | ഈ | ഉ | ഊ | ഋ | ൠ | ഌ | ൡ |
| | എ | ഏ | ഐ | ഒ | ഓ | ഔ – ആകെ 16 എണ്ണം. | | | | |

| | | | | | |
|---|---|---|---|---|---|
| വ്യഞ്ജനങ്ങൾ: | ക | ഖ | ഗ | ഘ | ങ |
| | ച | ഛ | ജ | ഝ | ഞ |
| | ട | ഠ | ഡ | ഢ | ണ |
| | ത | ഥ | ദ | ധ | ന |
| | പ | ഫ | ബ | ഭ | മ |
| | യ | ര | ല | വ – | മധ്യമങ്ങൾ – 4 |
| | ശ | ഷ | സ | – | ഊഷ്മാക്കൾ – 3 |
| | ഹ | | | – | ഘോഷി – 1 |
| | ള | ഴ | റ | – | ദ്രാവിഡ മധ്യമങ്ങൾ |

ദ്രാവിഡാനുനാസികം

ശേഷഗിരിപ്രഭു അനുസ്വാരം വിസർഗ്ഗം ഇവ കൂട്ടിച്ചേർത്ത് സ്വരസംഖ്യ 18 ആയി ഉയർത്തുന്നു. വ്യഞ്ജനങ്ങളിൽ നിന്ന് വർത്സ്യാനുനാസികത്തെ ഒഴിവാക്കി 36 വ്യഞ്ജനങ്ങളായി ചുരുക്കുന്നു. അദ്ദേഹത്തിന് 54 ആണ് അക്ഷരസംഖ്യ. ഗുണ്ടർട്ട് – 50, ജോർജ്ജ് മാത്തൻ–51, പാച്ചുമുത്തത് – 52, ജോൺ കുന്നപ്പിള്ളി–54, സുകുമാരപ്പിള്ള – 52 എന്നിങ്ങനെയാണ് മലയാള അക്ഷരങ്ങളെ കല്പിച്ചിരിക്കുന്നത്.

**സമാനാക്ഷരങ്ങളും സന്ധ്യക്ഷരങ്ങളും** : കേരളപാണിനീയത്തിൽ സ്വരങ്ങളെ സമാനാക്ഷരങ്ങളെന്നും സന്ധ്യക്ഷരങ്ങളെന്നും രണ്ടായി തിരിച്ചിരിക്കുന്നു. ഒരു വർണ്ണം തനിച്ചുനിൽക്കുന്ന കേവലസ്വരങ്ങളാണ് സമാനാക്ഷരങ്ങൾ. ഒന്നിലേറെ സ്വരങ്ങൾ ചേർന്നുണ്ടാവുന്നതാണ് സന്ധ്യക്ഷരങ്ങൾ. അ, ഇ, ഉ, ഋ, എന്നിവയും ഇവയുടെ ദീർഘങ്ങളുമാണ് സമാനാക്ഷരങ്ങൾ. എ, ഏ, ഐ, ഒ, ഓ, ഔ എന്നിവയാണ് സന്ധ്യക്ഷരങ്ങളുടെ കൂട്ടത്തിൽ വരുന്നത്. സംസ്കൃതത്തെ അനുസരിച്ചാണ് ഒ, ഏ എന്നീ ഹ്രസ്വങ്ങളെ സന്ധ്യക്ഷരങ്ങളായി പരിഗണിക്കുന്നത്. സംസർഗ്ഗം എന്ന ശ്രുതിഭേദത്തെക്കുറിച്ച് പറയുമ്പോൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. സംസർഗ്ഗം സ്വരങ്ങളിലുമുണ്ടെന്ന് പറഞ്ഞ് അ + ഉ = ഔ, അ + ഇ = ഐ എന്നൊരു പിരിവ് കൂടെ സംസ്കൃത്തെ അപേക്ഷിച്ച് കേരളപാണിനീയത്തിൽ കാണുന്നുണ്ട്. എന്നാൽ സന്ധിപ്രകരണത്തിൽ ചുട്ടെഴുത്തുകളെക്കുറിച്ച് പറയുമ്പോൾ എ കേവലസ്വരമാണെന്നാണ് പറയുന്നത്. ഏതായാലും എ, ഒ എന്നിവ സന്ധ്യക്ഷരമാണോ, സമാനാക്ഷരമാണോ എന്ന കാര്യത്തിൽ വ്യക്തമായ അഭിപ്രായം എ.ആറിന് ഉണ്ടായിരുന്നില്ല എന്നാണിത് കാണിക്കുന്നത്. സംസ്കൃതസന്ധിപ്രകാരം അ + ഇ = ഏ എന്നും, അ + ഉ = ഓ എന്നും ദീർഘമായാണ് വരുന്നത്. ആധുനിക ഭാഷാശാസ്ത്ര ദൃഷ്ടിയിൽ എ, ഏ, ഒ, ഓ എന്നിവ കേവലസ്വരങ്ങളും ഐ, ഔ എന്നിവ സംയുക്ത സ്വരങ്ങളുമായാണ് കണക്കാക്കിയിട്ടുള്ളത്.

**ചില്ലുകൾ** : വ്യഞ്ജനം തനിയെ ഉച്ചാരണക്ഷമമല്ലാത്തതിനാൽ സംവൃതോകാരം ചേർത്താണ് അവയെ ഉച്ചരിക്കുന്നത്. സംവൃതോകാരത്തിന്റെ സഹായമില്ലാതെ ശബ്ദാന്തത്തിൽ തനിയെ നിൽക്കുന്ന വ്യഞ്ജനങ്ങളാണ് ചില്ലുകൾ എന്ന് നിർവ്വചിച്ചിരിക്കുന്നു. യ,ര,റ,ല,ള,ഴ,ണ, ൺ ,മ എന്നിങ്ങനെ ഒൻപത് വ്യഞ്ജനങ്ങളാണ് ചില്ലുകളായി വരുന്നത്. ചില്ലുകൾ വ്യഞ്ജനങ്ങളുടെ സ്വരച്ഛായയുള്ള പ്രത്യേകവിഭാഗമാണ്. ആവശ്യമെങ്കിൽ വ്യഞ്ജനാന്തമായും അതിനെ ഉച്ചരിക്കാവുന്നതാണ്.

ഉദാ : പാൽ – പാല്

നീർ – നീര് അതിനാൽ ഇവയെ വ്യത്യസ്ത അക്ഷരങ്ങളായി പരിഗണിക്കേണ്ടതില്ല.

**അധികാക്ഷരങ്ങൾ** : സംസ്കൃതത്തിലില്ലാത്തതും ദ്രാവിഡ പാരമ്പര്യത്തിൽ നിന്ന് കുടുംബസ്വത്തായി ലഭിച്ചതുമായ അക്ഷരങ്ങളാണ് അധികാക്ഷരങ്ങളായി കണക്കാക്കുന്നത്. ഇവയ്ക്ക് അധികാക്ഷരങ്ങൾ എന്ന പേര് നൽകുന്നത് കേരള പാണിനിയാണ്. മലയാളം തമിഴിന്റെ ഉപശാഖയാണെന്ന് സമർത്ഥിക്കുന്ന അദ്ദേഹം എന്തിനാണ് കുടുംബസ്വത്തായി ലഭിച്ച അക്ഷരങ്ങളെ അധികാക്ഷരങ്ങൾ എന്ന് പേരിട്ട് വിളിച്ചതെന്ന് വ്യക്തമല്ല. എ, ഒ, ള, ഴ, റ, ൺ , റ്റ എന്നിവയാണ് സംസ്കൃതത്തിലില്ലാത്തതും മലയാളത്തിൽ കാണുന്നതുമായ അധികാക്ഷരങ്ങൾ.

### വർണമൂല്യം

അകാരത്തിന്റെ ധ്വനിമൂലം–കേവല സ്വരങ്ങളുടെ കൂട്ടത്തിൽ മലയാളത്തിൽ അകാരത്തെ ഉച്ചരിക്കുന്നതിനാണ് അധികം പ്രയാസം.അതിനാൽ 'അ'കാരത്തെ തീവ്രയത്നത്തിലാണ് പെടുത്തിയിരിക്കുന്നത്.

'അ കവർഗ്ഗം കണ്ഠജമാം' എന്ന സൂത്രത്തിലൂടെ അകാരത്തെ കവർഗ്ഗത്തിൽ കണ്ഠ്യമായാണ് പരിഗണിച്ചിരിക്കുന്നത്. അകാരത്തിന് ഭാഷയിൽ രണ്ട് രീതിയിലുള്ള ഉച്ചാരണങ്ങളാണുള്ളത്. ശുദ്ധം, ദുഷിച്ചത് എന്നിവയാണവ. സന്ധിയിൽ 'യ'കാരമോ, 'വ'കാരമോ ആഗമം വരാത്ത പൂർവ്വ വർണ്ണങ്ങളായി നിൽക്കുന്ന 'അ'കാരങ്ങളാണ്. ശുദ്ധ 'അ'കാരങ്ങൾ. തുരക്കുക, മറക്കുക, കിടക്കുക ഇവിടങ്ങളിലെ തുര, മറ, കിട എന്നിവയുടെ അന്ത്യത്തിലെ 'അ'കാരങ്ങളാണിവ. അകാരം കണ്ഠ്യമായതിനാൽ ശുദ്ധ അകാരം കണ്ഠ്യമാണെന്നുറപ്പിക്കാം. ദുഷിച്ച 'അ'കാരം രണ്ടു വിധത്തിലാണ് വരുന്നത്. താലവ്യമായും, ഓഷ്ഠ്യമായും പദാദിയിൽ 'എ'കാരച്ഛായയിൽ ഉച്ചരിക്കുന്ന 'അ'കാരമാണ് താലവ്യ 'അ'കാരം. മൃദുക്കൾക്ക് മുമ്പിലും 'വ' ഒഴികെയുള്ള മധ്യമങ്ങൾക്ക് മുമ്പിലും 'അ'കാരം 'എ'കാരച്ഛായയിലാണുച്ചരിക്കാറുള്ളത്.

ഉദാ : ജനം – ജെനം

ദയ – ദെയ

ലയം – ലെയം

രവി – രെവി

യശസ് – യെശസ്

ഗണം – ഗെണം

ബലം – ബെലം

സന്ധികളിൽ 'യ'കാരമാണ് ആഗമിക്കുന്നത് എങ്കിൽ പൂർവ്വ വർണം താലവ്യമാണ്. ഇങ്ങിനെ നോക്കുമ്പോൾ നാമാന്തത്തിലെ അ കാരങ്ങൾ എല്ലാം താലവ്യമാണെന്നു കാണാം.

താലവ്യമായി ദുഷിക്കുന്നതുപോലെ 'അ'കാരം ഓഷ്ഠ്യമായും ദുഷിക്കാറുണ്ട്. എന്നാൽ അത് അപൂർവ്വവും വ്യാകരണ ബന്ധവുമില്ലാത്തതാണെന്ന് പറയുന്നു. ഇതൊരു ഉച്ചാരണവിശേഷം മാത്രമാണ്.

ഉദാ : ഇടവം – ഇടവൊം

കുംഭം – കുംഭൊം

നാം – നോം

'ഒ' കാരച്ഛായയിൽ ഉച്ചരിക്കുന്ന 'അ'കാരമാണ് ഓഷ്ഠ്യമായി ദുഷിച്ച 'അ'കാരം.

ഓഷ്ഠ്യമായി ദുഷിക്കുന്നതിന് വ്യാകരണപരമായ സവിശേഷത ഒന്നുമില്ല എന്ന് പറയുന്നുണ്ടെങ്കിലും സന്ധി പ്രകരണത്തിലെത്തുമ്പോൾ അങ്ങനെയല്ല കാണുന്നത്.

ആഗമസന്ധിയിൽ പൂർവ്വമോഷ്ഠ്യസ്വരം വന്നാൽ 'വ'കാരം ചേർത്തുകൊള്ളുക.

എന്ന കാരികപ്രകാരം 'അ'കാരത്തിന്റെ ഓഷ്ഠ്യ സ്വഭാവത്തെ കാണിക്കുവാൻ 'തട' എന്ന ധാതുവിനെ ഉദാഹരിച്ചതായി കാണാം. തട+ഉന്നു –തടവുന്നു എന്ന് സന്ധികാര്യവും പറഞ്ഞിരിക്കുന്നു.

തടയുന്നു എന്ന ഒരു പദം കൂടിയുള്ളതിനാൽ തട എന്നതിലെ 'അ' കാരത്തെക്കുറിച്ച് വ്യക്തമായ ഒരഭിപ്രായം എ.ആറിനുണ്ടായിരുന്നില്ല എന്ന് മനസ്സിലാക്കാവുന്നതാണ്.

**സംവൃതോകാരം**: സംവൃതോകാരത്തിന്റെ ധ്വനിമൂല്യത്തെക്കുറിച്ച് വൈയാകരണന്മാർ വിവിധാഭിപ്രായക്കാരാണ്. ഇതിനെ ഒരു സ്വതന്ത്ര സ്വരമായി പരിഗണിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ വ്യത്യസ്താഭിപ്രായമാണുള്ളത്. മലയാളഭാഷയുടെ ആദ്യവ്യാകരണഗ്രന്ഥമായ ലീലാതിലകം മറ്റു സ്വരങ്ങളിൽ നിന്നുള്ള ഇതിന്റെ വ്യത്യാസം കാണിക്കുകയും ലോപശ്ചഃ എന്ന സൂത്രത്തിലൂടെ സന്ധിയിൽ ഇതിന്റെ നിത്യമായ ലോപത്തെ വിധിക്കുകയും ചെയ്യുന്നു. ഗുണ്ടർട്ട് ഉകാരത്തിന്റെ പകുതി എന്ന അർത്ഥത്തിൽ അരയുകാരമെന്നും, ജോർജ്ജ് മാത്തൻ പകുതിസ്വരമെന്ന അർത്ഥത്തിൽ അർദ്ധാച്ച് എന്നും ഈ സ്വരത്തെ വിളിക്കുന്നു.

കേരളപാണിനീയത്തിൽ ഈ സ്വരത്തെക്കുറിച്ച് വ്യത്യസ്ത നിരീക്ഷണങ്ങളാണുള്ളത്. വർണ്ണങ്ങൾക്ക് ധ്വനിമൂല്യം കല്പിക്കുന്നിടത്തും, സ്വരസംവരണ നയം ചർച്ച ചെയ്യുന്നിടത്തും സന്ധിപ്രകരണത്തിലും ഈ സ്വരത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. വ്യഞ്ജനം സ്വയം ഉച്ചാരണക്ഷമമല്ലാത്തതിനാൽ വ്യഞ്ജനോച്ചാരണവേളയിൽ ഊറിവരുന്ന ഒരു 'ഊറൽ സ്വര'മായിട്ടാണ് എ.ആർ.രാജരാജവർമ്മ ഇതിനെ കണക്കാക്കുന്നത്. ഉകാരത്തെ സംവരണം ചെയ്ത് (മൂടിപ്പിച്ച്) ഉച്ചരിക്കുന്നതിനാൽ സംവൃതോകാരം എന്നാണ് അദ്ദേഹം ഇതിനെ വിളിക്കുന്നത്. ഇത് കേവലം ഉച്ചാരണവിശേഷം മാത്രമല്ലെന്നും അർത്ഥപരമായും വ്യകരണപരമായും ഇതിന് മലയാളത്തിൽ അധികം പ്രാധാന്യമുണ്ടെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. അർത്ഥപരമായി ഉണ്ട്/ഉണ്ടു വ്യത്യാസവും വ്യകരണപരമായി വിനയെച്ചം/മുറ്റുവിന വ്യത്യാസവും ഉകാരത്തിന്റെ സംവൃത വിവൃത ഭേദം കൊണ്ടുണ്ടാകുന്നതാണെന്ന് അദ്ദേഹം പറയുന്നു. എന്നാൽ സന്ധിപ്രകരണം ലോപസന്ധിയിൽ സംവൃതോകാരത്തിന് പരമായി ഏത് സ്വരം വന്നാലും സംവൃതോകാരം ലോപിക്കുമെന്നതിനാൽ ഇതിനെ സ്വരമായി കണക്കാക്കേണ്ടതില്ല എന്നും വ്യക്തമാക്കുന്നു. സംവൃതോകാരത്തെക്കുറിച്ച് എ.ആറിന് വ്യക്തമായ ഒരഭിപ്രായം ഉണ്ടായിരുന്നില്ല എന്നാണിത് കാണിക്കുന്നത്.

അകാരത്തിൽ നിന്നും ഉകാരത്തിൽ നിന്നും വ്യത്യസ്തമായ ഒരു സ്വതന്ത്രസ്വരമായി സംവൃതോകാരത്തെ ആദ്യമായി കണക്കാക്കുന്നത് എൽ.വി.രാമസ്വാമി അയ്യരാണ്. കേന്ദ്രസ്വരം എന്നാണ് അദ്ദേഹം ഇതിനെ വിളിക്കുന്നത്. ഡോ.സി.എൽ.ആന്റണി സെൻട്രൽ മിഡും സെൻട്രൽ ഹൈ യുമായി ഉച്ചരിക്കുന്ന സ്വതന്ത്രസ്വരമാണിതെന്ന് നിരീക്ഷിക്കുന്നു.

സ്വന്തമായ ഉച്ചാരണസ്ഥാനവും, അർത്ഥവ്യാവർത്തന ശേഷിയും ഉള്ളതിനാൽ സംവൃതോ കാരത്തെ സ്വതന്ത്രസ്വരമായി പരിഗണിക്കാമെന്ന അഴിപ്രായമാണ് ഡോ.കെ.എം.പ്രഭാകരവാരി യരും പ്രകടിപ്പിക്കുന്നത്.

**ഭാഷാസന്ധി**

സന്ധി എന്നാൽ വർണ്ണങ്ങൾ തമ്മിലെ ചേർച്ച എന്നാണർത്ഥം. ഉച്ചാരണസൗകര്യം, കേൾവിസുഖം, പദസൗന്ദര്യം എന്നിവയാണ് സന്ധിയുടെ പ്രയോജനങ്ങൾ.

അഷ്ടാധ്യായിയിൽ സംഹിത എന്ന സംജ്ഞയാണ് സന്ധിക്ക് പകരമായി ഉപയോഗിക്കുന്ന ത്. വർണയോഗത്തിന്റെ വ്യത്യാസമനുസരിച്ച് പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നി ങ്ങനെയാണ് സന്ധിവിഭജനം. ഒരു പദത്തിലെ തന്നെ പ്രകൃതി പ്രത്യങ്ങളുടെ ചേർച്ച പദമധ്യ സന്ധിയും രണ്ട് പ്രകൃതികൾ തമ്മിലെ ചേർച്ച പദാന്തസന്ധിയും രണ്ടും ചേർന്നാൽ ഉഭയസന്ധി യുമാണ്.

| | | | | |
|---|---|---|---|---|
| പദമധ്യസന്ധി | – | കര + ഓട് | = | കരയോട് |
| പദാന്ത സന്ധി | – | താമര + കുളം | = | താമരക്കുളം |
| ഉഭയസന്ധി | – | താമര + കുളം + ഇൽ= | | താമരക്കുളത്തിൽ |

ലീലാതിലകത്തിൽ സന്ധിക്കുന്ന വർണങ്ങളുടെ സ്വഭാവമനുസരിച്ച് സ്വരങ്ങൾ തമ്മിൽ ചേർന്നാൽ സ്വരസന്ധിയും, സ്വരവും വ്യഞ്ജനവും ചേർന്നാൽ സ്വരവ്യഞ്ജനസന്ധി , വ്യഞ്ജനം സ്വരത്തോട് ചേർന്നാൽ വ്യഞ്ജനസ്വരസന്ധി, വ്യഞ്ജനങ്ങൾ തമ്മിൽ ചേർന്നാൽ വ്യഞ്ജനസന്ധി എന്നിങ്ങനെയാണ് സന്ധി വിഭജനം.

| | | | | |
|---|---|---|---|---|
| സ്വരസന്ധി | – | തിര + ഉന്നു | = | തിരയുന്നു |
| സ്വരവ്യഞ്ജനസന്ധി | – | താമര + കുളം | = | താമരക്കുളം |
| വ്യഞ്ജനസ്വരസന്ധി | – | കൺ + ഇല്ല | = | കണ്ണില്ല |
| വ്യഞ്ജനസന്ധി | – | വിൽ + തു | = | വിറ്റു |

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി കേരളപാണിനീയത്തിൽ, സന്ധിക്കുമ്പോൾ വർണ്ണ ങ്ങൾക്കുണ്ടാവുന്ന വികാരങ്ങളെ (മാറ്റങ്ങളെ) അടിസ്ഥാനമാക്കിയാണ് സന്ധി വിഭജനം നടത്തി യിരിക്കുന്നത്. ഇതനുസരിച്ച് വർണ്ണങ്ങൾ തമ്മിൽ സന്ധിക്കുമ്പോൾ ഒരു വർണ്ണം ഇല്ലാതായാൽ ലോപസന്ധി, പുതിയൊരു വർണ്ണം കടന്നുവന്നാൽ ആഗമസന്ധി, ഏതെങ്കിലും ഒന്നിരട്ടിച്ചാൽ ദ്വിത്വസന്ധി, ഒന്നുപോയ് മറ്റൊന്നു വന്നാൽ ആദേശസന്ധി എന്നിങ്ങനെയാണ് സന്ധി വിഭജനം.

| | | | | |
|---|---|---|---|---|
| ലോപസന്ധി | – | തണുപ്പ് + ഉണ്ട് | – | തണുപ്പുണ്ട് |
| ആഗമസന്ധി | – | തിരു + ഓണം | – | തിരുവോണം |
| ദ്വിത്വസന്ധി | – | പശു + കുട്ടി | – | പശുക്കുട്ടി |
| ആദേശസന്ധി | – | എൺ + നൂറ് | – | എണ്ണൂറ് |

**ലോപസന്ധി :**

**കാരിക–1:** സംവൃതോകാരത്തിന് പരമായി ഏത് സ്വരം വന്നാലും സംവൃതോകാരം നിത്യമായി ലോപിക്കും. അതിനാൽ സന്ധിയിൽ ഇതിനെ സ്വരമായി പരിഗണിക്കേണ്ടതില്ല.

ഉദാ : തണുപ്പ് + ഉണ്ട് – തണുപ്പുണ്ട്

കാറ്റ് + അടിക്കുന്നു – കാറ്റടിക്കുന്നു

ലീലാതിലകം ലോപശ്ചഃ എന്ന സന്ധി സൂത്രത്തിൽ ഈ സന്ധികാര്യം വ്യക്തമാക്കുന്നുണ്ട്.

അത് + ഇല്ല – അതില്ല

വരക് + ഇല്ല – വരകില്ല

എന്നിങ്ങനെ ഉദാഹരണങ്ങളും നൽകിയിരിക്കുന്നു.

**കാരിക–2:** ചെയ്തു, ചെയ്യുന്നു എന്നീ പൂർണ്ണ ക്രിയകളുടെ അന്ത്യത്തിലുള്ള 'ഉ'കാരവും സ്വരം പരമായാൽ ലോപിക്കുമെന്ന് കാരിക. പൂർണ്ണക്രിയകളുടെ അന്ത്യത്തിലെ ഉകാരം വ്യഞ്ജനങ്ങളുടെ സ്പഷ്ടോച്ചാരണങ്ങൾക്കായി ചേർക്കുന്ന സംവൃതോകാരത്തിൽ നിന്ന് വന്നതാണ്.

ഉദാ : ചെയ്തു + ഇല്ല – ചെയ്തില്ല

ചെയ്യുന്നു + ഇല്ല – ചെയ്യുന്നില്ല

**കാരിക–3:** അല്ല, ഇല്ല, ആയി, പോയി എന്നിവയുടെ അന്ത്യസ്വരങ്ങളും സ്വരം പരമായാൽ ലോപിക്കുമെന്ന് ഈ കാരികയിൽ പറയുന്നു.

ഉദാ : അല്ല + എന്ന് – അല്ലെന്ന്

ഇല്ല + എന്ന് – ഇല്ലെന്ന്

ആയി + എന്ന് – ആയെന്ന്

പോയി + എന്ന് – പോയെന്ന്

**കാരിക–4** : വിനയെച്ചത്തിന്റെ വകഭേദങ്ങളിലൊന്നായ നടുവിനയെച്ചത്തിന്റെ (പ്രാർത്ഥനാർത്ഥക്രിയാംഗം) അന്ത്യത്തിലെ അകാരവും സ്വരം പരമായാൽ ലോപിക്കും

ഉദാ : അറിക + അമരേശ്വര – അറികമരേശ്വര

വരിക + എടോ – വരികെടോ

വിമർശനം : ലോപസന്ധിയിലെ പ്രധാനകാരികകളുടെ വിശദീകരണമാണ് സൽകിയിട്ടുള്ളത്. കാരിക 5,6, ഇവ സംഭാഷണഭാഷയുടെ പ്രശ്നങ്ങൾ മാത്രമാണ്. കാരിക– 3 ന്റെ വിശദീകരണത്തിൽ പോരായ്മകളുണ്ട്. അല്ല, ഇല്ല ഇവയിലെ അന്ത്യസ്വരം മാത്രമല്ല, വേണ്ട, വയ്യ, കൂട, പോര, എന്നിവയുടെ അന്ത്യത്തിലെ അകാരവും ലോപിക്കുന്നുണ്ട്. പേരെച്ചങ്ങളുടെ അന്ത്യത്തിലെ അകാരം സനധിയിൽ ലോപിക്കുന്നത് ശരിയല്ല എന്നു പറയുന്നതും യുക്തിയല്ല.. വെളുത്തുള്ളി, പെറ്റമ്മ തുടങ്ങിയ പ്രയോഗങ്ങൾ അപവാദങ്ങളായി ഭാഷയിലുണ്ട്.

**2. ആഗമസന്ധി :**

**കാരിക 7** : സ്വരങ്ങൾക്ക് സ്വതന്ത്രോച്ചചാരണമുള്ളതിനാൽ രണ്ട് സ്വരങ്ങൾ അടുത്തടുത്ത് വരുമ്പോൾ ഉച്ചാരണത്തിൽ പ്രയാസമുണ്ട്. ഇത് ഒഴിവാക്കാൻ 'യ'കാരമോ, 'വ'കാരമോ ചേർത്ത് സ്വരയോഗം ഒഴിവാക്കേണ്ടതാണ്. പൂർവ്വമായി വരുന്നത് താലവ്യസ്വരമെങ്കിൽ 'യ'കാരവും ഓഷ്ഠ്യസ്വരമെങ്കിൽ 'വ'കാരവുമാണ് ചേർക്കേണ്ടത്.

| | | | |
|---|---|---|---|
| ഉദാ : | കര + ഉന്നു | – | കരയുന്നു |
| | താളി + ഓല | – | താളിയോല |
| | തിരു + ഓണം | – | തിരുവോണം |
| | പൂ + അമ്പ് | – | പൂവമ്പ് |

**കാരിക 8** : താലവ്യസ്വരത്തിന് പരമായി സ്വരം വന്നാൽ 'യ'കാരം പോലെ ' ഩ 'കാരവും ഓഷ്ഠ്യ സ്വരത്തിന് പരമായി സ്വരം വന്നാൽ 'വ'കാരം പോലെ 'ക'കാരവും ആഗമിക്കുമെന്ന് ഈ കാരികയിൽ പറയുന്നു. മാത്രമല്ല, അനുനാസികാപ്രിയന്മാരായ മലയാളികൾ കേൾക്കാനുള്ള സുഖത്തിന് വേണ്ടി മാത്രമായും 'ഩ' ആഗമിപ്പിക്കാറുണ്ടെന്ന് പറഞ്ഞ് കരിമ്പുലി, പുളിങ്കുരു എന്നിവ ഉദാഹരണമായി നൽകുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| ഉദാ : | കാട്ടി + ഏൻ | – | കാട്ടിയേൻ, കാട്ടിനേൻ |
| | വിലസി + ആൻ | – | വിലസിയാൻ, വിലസിനാൻ |
| | പോ + ഉന്നു | – | പോകുന്നു, പോവുന്നു |
| | തട + ഉന്നു | – | തടകുന്നു, തടവുന്നു |

കരി + പുലി, പുളി + കുരു എന്നിവയിൽ ആദ്യം ' ഩ 'കാരവും പിന്നെ സ്വവർഗ്ഗ അനുനാസികാദേശവും സംഭവിക്കുകയാണെന്നും പറയുന്നു.

**കാരിക 9** : താലവ്യസ്വരങ്ങൾക്ക് പരമായി സ്വരം വന്നാൽ 'യ'കാരമാണ് ആഗമിക്കേണ്ടത്. എന്നാൽ അ, ഇ, എ ഇവ താലവ്യസ്വരങ്ങളാണെങ്കിലും ചുട്ടെഴുത്തുകളായതിനാൽ അവയ്ക്ക് പരമായി സ്വരം വന്നാൽ വ'കാരമാണ് ആഗമിക്കുക.

| | | | |
|---|---|---|---|
| ഉദാ : | അ + അൻ | – | അവൻ |
| | അ + അൾ | – | അവൾ |
| | ഇ + അൻ | – | ഇവൻ |
| | ഇ + അൾ | – | ഇവൾ |
| | എ + അൻ | – | എവൻ |
| | എ + അൾ | – | എവൾ |

അറിവാൻ, അറിവേൻ എന്നിവയിൽ 'വ'കാരമാണ് കാണുന്നതെങ്കിലും അത് ആഗമസന്ധി നിയമപ്രകാരം വരുന്നതല്ല മറിച്ച് ഭാവ്യർത്ഥസൂചകങ്ങളായ പദങ്ങൾ തന്നെയാണെന്നും പറയുന്നുണ്ട്.

**വിമർശനം** : ആഗമസന്ധി നിയമത്തിന് വിരുദ്ധമായ ധാരാളം അപവാദങ്ങൾ ഭാഷയിൽ വരുന്നുണ്ട്. തടവുന്നു എന്ന പദത്തിനെ തട + ഉന്നു എന്നു പിരിച്ചത് ശരിയായില്ല. തടയുന്നു എന്നൊരു പദം കൂടി ഭാഷയിലുണ്ട്. തട + ഉന്നു എന്നത് സന്ധിച്ചാൽ തടയുന്നു എന്നാണ് വേണ്ടത്. തമിഴിലെ തടൈ ആണ് മലയാളത്തിൽ തട ആവുന്നത്. ആ നിലയ്ക്ക് തടവുന്നു എന്നത് തടവ് + ഉന്നു എന്ന് പിരിക്കേണ്ടി വരും.

കാരിക 8–ന്റെ വിശദീകരണത്തിൽ കരിമ്പുലി പുളിങ്കുരു എന്നീ പദങ്ങളുടെ സന്ധികാര്യം വ്യക്തമാക്കിയതിലും അയുക്തിയുണ്ട്. കേൾവിസുഖത്തിന് മാത്രമായി ഒരു ' ഩ ' കാരാഗമം വിധിക്കുകയാണിവിടെ. ഇത്തരം പദങ്ങളുടെ സന്ധികാര്യം ''ക്വചിദദാദിദൂർഭ്യഃ പരസ്യ പഞ്ചമഃ''

എന്ന സൂത്രപ്രകാരം ചിലെടങ്ങളിൽ അ, ആ, ഇ, ഊ എന്നീ സ്വരങ്ങൾക്ക് പരമായി കചതപങ്ങൾ വന്നാൽ അവയുടെ പഞ്ചമവർണ്ണങ്ങൾ ആഗമിക്കുമെന്ന് പറയുന്നുണ്ട്. കേരളപാണിനീയസന്ധി കാര്യത്തിലെ സങ്കീർണ്ണതകൾ ഒഴിവാക്കാൻ ലീലാതിലകസൂത്രം ഉപകരിക്കും. ആഗമസന്ധി യിലെ മറ്റുകാരികകൾ സന്ധി ആഗമമല്ല മറിച്ച് സംഭാഷണ ഭാഷയുടെ പ്രശ്നങ്ങൾ മാത്രമാണ് കാണിക്കുന്നത്.

### ദ്വിത്വസന്ധി

**കാരിക 13** : വിശേഷണ വിശേഷ്യങ്ങൾ പൂർവ്വോത്തരപദങ്ങളായി സന്ധിക്കുമ്പോൾ പരപദാദി യിലെ ദൃഢവ്യഞ്ജനം ഇരട്ടിക്കും. മൃദുക്കളാണെങ്കിൽ ഇരട്ടിപ്പില്ല. ഖരം, അതിഖരം, മൃദു,ഘോഷം, ഊഷ്മാക്കൾ എന്നിവയാണ് ദൃഢങ്ങൾ. അനുനാസികങ്ങൾ, മധ്യമങ്ങൾ, 'ഹ'കാരം എന്നിവ മൃദുക്കളാണ്.

| | | | |
|---|---|---|---|
| ഉദാ : | തല + കെട്ട് | – | തലക്കെട്ട് |
| | താമര + കുളം | – | താമരക്കുളം |
| | തീ + പെട്ടി | – | തീപ്പെട്ടി |
| | മയിൽ + കുട്ടി | – | മയിൽക്കുട്ടി |
| | മലർ + പൊടി | – | മലർപ്പൊടി |

**കാരിക 14** : വിശേഷണ വിശേഷ്യപ്പൊരുത്തമുണ്ടെങ്കിൽ പോലും അലുപ്തസമാസമോ, കേവല ധാതുവോ ആണ് പൂർവ്വപദമായി വരുന്നതെങ്കിൽ പരപദാദി ദൃഢം ഇരട്ടിക്കുകയില്ല. പൂർവ്വപദത്തിലെ ലിംഗവചന പ്രത്യയങ്ങൾക്ക് ലോപം വരാത്ത സമാസമാണ് അലുപ്തസ മാസം.

| | | | |
|---|---|---|---|
| ഉദാ : | മലമകൾ + ചരണം | – | മലമകൾ ചരണം |
| | അണ്ടർ + കോൻ | – | അണ്ടർകോൻ |

കേവലധാതു വരുന്നതിന്

| | | | |
|---|---|---|---|
| ഉദാ : | എരി + തീ | – | എരിതീ |
| | കട + കോൽ | – | കടകോൽ |
| | അല + കടൽ | – | അലകടൽ |

**കാരിക 15** : മുൻ, തൻ, പാക്ഷിക വിനയെച്ചങ്ങളുടേയും ആധാരികാഭാസമായ 'ഏ' യുടേയും ആൽ, ഇൽ,. കൽ, എ എന്നീ വിഭക്തി പ്രത്യയങ്ങളുടേയും പരമായി വരുന്ന ദൃഢങ്ങൾ സമാസമില്ലാത്തിടത്തും ഇരട്ടിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| ഉദാ : | മുൻ വിനയെച്ചം | – | ചാടി + കയറി | – | ചാടിക്കയറി |
| | | | ഓടി + പോയി | – | ഓടിപ്പോയി |
| | തൻവിനയെച്ചം | – | മുറുകെ + പിടിച്ചു | – | മുറുകെപ്പിടിച്ചു |
| | | | കൂടെ + പോന്നു | – | കൂടെപ്പോന്നു |

| | | |
|---|---|---|
| പാക്ഷികവിനയെച്ചം – | കാണുകിൽ+ചൊല്ലാം – | കാണുകിൽച്ചൊല്ലാം |
| | കണ്ടാൽ + തല്ലാം – | കണ്ടാൽത്തല്ലാം |

**കാരിക 17** : അ, ഇ, എ എന്നീ ചുട്ടെഴുത്തുകൾക്ക് പിന്നാലെ വരുന്ന എല്ലാ ദൃഢ വ്യഞ്ജനങ്ങളും ഇരട്ടിക്കും. ശിഥിലമാണെങ്കിൽ ഇരട്ടിപ്പിച്ച ചുട്ടെഴുത്തിനെ ദീർഘിപ്പിച്ചാൽ മതി.

| | | | |
|---|---|---|---|
| ഉദാ : | അ + കാലം | – | അക്കാലം |
| | ഇ + കാലം | – | ഇക്കാലം |
| | എ + കാലം | – | എക്കാലം |

ശിഥിലമാണെങ്കിൽ,

| | | |
|---|---|---|
| അ + നേരം | – | ആ നേരം |
| അ + മാതിരി | – | ആ മാതിരി |

**വിമർശനം** : ദ്വിത്വസന്ധി നിയമങ്ങൾ പലതും ഇന്നത്തെ മലയാളത്തിൽ പ്രവർത്തിക്കുന്നില്ല. വിശേഷണ വിശേഷ്യങ്ങളിൽ വിശേഷണം പേരെച്ചമാണെങ്കിൽ പരപദാദിദൃഢം ഇരട്ടിക്കുകയില്ല.

| | | | |
|---|---|---|---|
| ഉദാ : | കറുത്ത + പെട്ടി | – | കറുത്തപെട്ടി |
| | വെളുത്ത + പശു | – | വെളുത്ത പശു |
| | നീണ്ട + കര | – | നീണ്ടകര |

മാത്രമല്ല, തേൻതുള്ളി, മാൻകുട്ടി, പൊൻകുമിള എന്നിവയിൽ ദൃഢം ഇരട്ടിക്കാതെ വരുന്നതും അരഞ്ഞാൺ, കടിഞ്ഞാൺ, പുന്നെല്ല് എന്നിവയിൽ ശിഥിലം ഇരട്ടിക്കുന്നതും അപവാദങ്ങളാണ്.

കേവലധാതു പൂർവ്വമാണെങ്കിൽ ഇരട്ടിപ്പിച്ച എന്നു പറയുന്നതും ശരിയല്ല. പണിപ്പുര, പിറന്നാൾ എന്നിങ്ങനെ പദങ്ങൾ ഭാഷയിലുണ്ട്.

17–ാം കാരികയുടെ വിശദീകരണത്തിൽ ചുട്ടെഴുത്തിന് പരമായ് വരുന്ന ദൃഢങ്ങൾ ഇരട്ടിക്കണമെന്നും , ശിഥിലമാണെങ്കിൽ ചുട്ടെഴുത്ത് ദീർഘിപ്പിക്കണമെന്നും പറയുന്നതും ഇന്നത്തെ ഭാഷയിൽ സ്വീകാര്യമല്ല. ദൃഢം വന്നാൽ ചുട്ടെഴുത്ത് ദീർഘിപ്പിക്കുന്നതും, ശിഥിലമാണെങ്കിൽ ഇരട്ടിക്കുന്നതും സാധാരണമാണ്.

| | | | |
|---|---|---|---|
| ഉദാ : | അ + കാലം | – | ആ കാലം |
| | ഇ + കവിത | – | ഈ കവിത |
| | അ + നേരം | – | അന്നേരം |

**ആദേശസന്ധി**

**കാരിക 20** : ട, ച, റ്റ എന്നീ വർഗ്ഗാക്ഷരങ്ങൾ വന്നാൽ സവർണനം സംഭവിച്ച് മേൽപ്പറഞ്ഞ വർഗ്ഗാക്ഷരങ്ങളായി മാറും. ഖരമെങ്കിൽ ഖരം അനുനാസികമെങ്കിൽ അനുനാസികം എന്നാണ് വർണമാറ്റം. പൂർവ്വത്തിന്റെ സ്വാധീനത്തിൽ നടക്കുന്ന ആദേശമായതിനാൽ പൂർവ്വ സവർണ്ണനമാണ് ഉവിടെ നടക്കുന്നത്.

| | | | |
|---|---|---|---|
| ഉദാ : | വിൺ + തലം | – | വിണ്ടലം |
| | എൺ + നൂറ് | – | എണ്ണൂറ് |
| | നിൻ + തു | – | നിന്റു – നിന്നു |

**കാരിക 21** : ല കാരത്തിന് പരമായി തവർഗ്ഗാക്ഷരങ്ങൾ വന്നാൽ വർത്സ്യമായ 'ക' കാരവും ള കാരത്തിന് പരമായി 'ത'വർഗ്ഗാക്ഷരങ്ങൾ വന്നാൽ മൂർദ്ധന്യമായ 'ട'കാരവും ആദേശമായി വരും. ഉച്ചാരണസ്ഥാനത്തിന്റെ താഴ്ചയെ കാണിക്കുന്ന വിനാമമാണിവിടെ സംഭവിക്കുന്നത്.

| | | | |
|---|---|---|---|
| ഉദാ : | വിൽ + തു | – | വിറ്റു |
| | അകൽ + തുന്നു | – | അകറ്റുന്നു |

**വിനാമക്രിയയുടെ യുക്തി പരിശോധിക്കുക** : ആദേശസന്ധി 21,22 കാരികകളിലാണ് വിനാമക്രിയയെക്കുറിച്ച് പറയുന്നത്. 21–ാംകാരികയിൽ 'ല'കാര 'ള'കാരങ്ങൾക്ക് തവർഗ്ഗാക്ഷരങ്ങൾ പരമായാൽ യഥാക്രമം 'റ്റ'കാര 'ട'കാരങ്ങൾ ആദേശമായി വരുമെന്ന് പറയുന്നുണ്ട്. 22–ാം കാരികയിൽ ല, ള കള്ഡക്ക് ഏത് വർഗ്ഗാക്ഷരങ്ങൾ പരമായാലും വർത്സ്യവും മൂർദ്ധന്യവും ആദേശമായി വരുമെന്നും പറയുന്നു.

മേൽസ്ഥാനത്തുച്ചരിക്കുന്ന ഒരു വർണ്ണം കീഴ്സ്ഥാനത്തുച്ചരിക്കുമ്പോഴാണ് വിനാമക്രിയ സംഭവിക്കുന്നത്. കാരികകളുടെ വിശദീകരണത്തിൽ വർണ്ണങ്ങൾക്ക് ധ്വനിമൂലം കല്പിച്ചപ്പോൾ ല,ത,ന – ദന്ത്യം, ള റ്റ, ന – വർത്സ്യം എന്നിങ്ങനെയാണ് നൽകിയിട്ടുള്ളത്. പീഠികയിലാവട്ടെ 'ള'കാരത്തിന് മൂർദ്ധന്യ ധ്വനിയാണ് നൽകിയിരിക്കുന്നത്.

സൂക്ഷ്മ പരിശോധനയിൽ ഇവിടെ സ്ഥാനത്താഴ്ച ഒന്നും സംഭവിക്കുന്നില്ലെന്നു കാണാം. ല യുടെ വർണ്ണമൂല്യം ദന്ത്യമല്ല. വർത്സ്യമാണ്. ള കാരത്തിന്റെത് വർത്സ്യമല്ല, മൂർദ്ധന്യമാണ്. അങ്ങിനെയെങ്കിൽ സന്ധിയിൽ വിനാമക്രിയയല്ല, സ്വവർഗ്ഗാക്ഷരങ്ങളുടെ ആദേശമാണ് നടക്കുന്നത്, വർണ്ണങ്ങൾക്ക് ധ്വനിമൂല്യം നിശ്ചയിച്ചിരിക്കുന്നതിലുണ്ടായ പിഴവാണ് വിനാമക്രിയക്ക് വഴിവെച്ചത് എന്ന് കാണാം.

**കാരിക 23** : മുൻ, പിൻ, പൊൻ എന്നിവയുടെ അന്ത്യത്തിലെ ' ണ ' കാരം ഖരം പരമായാൽ 'ല'കാരമായി മാറുന്നു.

| | | | |
|---|---|---|---|
| ഉദാ : | തിരുമുൻ + കാഴ്ച | – | തിരുമുൽക്കാഴ്ച |
| | പൊൻ + കുടം | – | പൊല്ക്കുടം |

**കാരിക 25** : അനുസ്വാരം മ കാരമാണെന്നും അനുസ്വാരം അന്ത്യശബ്ദങ്ങളോട് ചേർത്താൽ 'മ'കാരം തെളിഞ്ഞുവരുമെന്നും പറയുന്നു.

| | | | |
|---|---|---|---|
| ഉദാ : | മരം + അല്ല | – | മരമല്ല |
| | മരം + ഇല്ല | – | മരമില്ല |

അനുസ്വാര അന്ത്യശബ്ദങ്ങളോട് വർഗ്ഗാക്ഷരങ്ങൾ ചേർന്നാൽ അവയുടെ അനുനാസികങ്ങൾ ആദേശമായി വരും.

| | | | |
|---|---|---|---|
| ഉദാ : | വരും + കാലം | – | വരുങ്കാലം |
| | പെരും + പറ | – | പെരുമ്പറ |

അനുസ്വാരം സമുച്ചയനിപാതമായ 'ഉം' പരമായാൽ 'വ'കാരമായി മാറും.

| | | | |
|---|---|---|---|
| ഉദാ : | ധനം + ഉം | – | ധനവും |
| | കുലം + ഉം | – | കുലവും |

അനുസ്വാരത്തിന് പരമായി വിഭക്തി പ്രത്യയങ്ങൾ വന്നാൽ 'ത്ത്' എന്ന് ആദേശമായി വരും.

| | | | |
|---|---|---|---|
| ഉദാ : | ധനം + ആൽ | – | ധനത്താൽ |
| | മരം + ഇൽ | – | മരത്തിൽ |

**വിമർശനം** : ആധുനിക മലയാളത്തിൽ ആദേശസന്ധി നിയമങ്ങൾക്ക് ഒട്ടേറെ അപവാദങ്ങൾ കാണുന്നുണ്ട്. 20–ാം കാരികയിൽ 'ട'വർഗ്ഗത്തിന് പരമായി തവർഗ്ഗാക്ഷരങ്ങൾ വന്നാൽ 'ട'വർഗ്ഗാദേശം എന്നു പറയുന്നത് പൂർണ്ണമായും ശരിയല്ല.

വെൺതിങ്കൾ, മൺതരി, കൺതടം, പൊൻതാമര എന്നിങ്ങനെ ആദേശം വരാത്ത ധാരാളം പദങ്ങൾ ഭാഷയിലുണ്ട്.

വിനാമക്രിയ എന്നത് വർണ്ണങ്ങൾക്ക് ധ്വനിമൂലം കല്പിക്കുമ്പോഴുണ്ടായ പിഴവിൽ നിന്നുണ്ടായതാണ്.

മുൻപിൽ പൊൻ എന്നിവയ്ക്കു പരമായി ഖരങ്ങൾ വന്നാൽ 'ല'കാരം ആദേശം ചെയ്യുമെന്ന നിരീക്ഷണവും കുററമറ്റതല്ല. മുൻകോപം, പിൻതുണ, പൊൻപാത്രം എന്നിങ്ങനെ ധാരാളം പദങ്ങൾ ഭാഷയിലുണ്ട്.

അനുസ്വാരം 'മ'കാരമാണെന്നും സ്വരം ചേർന്നാൽ 'മ'കാരം തെളിയുമെന്നും പറയുന്നതിലും അയുക്തിയുണ്ട്. പലപ്പോഴും 'വ'കാരവും ആദേശമായി വരാറുണ്ട് എന്നതിന് ഒട്ടേറെ പദങ്ങൾ തെളിവാണ്.

മുഖവുര, നിലവറ, കലവറ, മരവുരി, എന്നിങ്ങനെ 'വ'കാരാദേശം സാധാരണമാണ്.

അനുസ്വാരത്തിന് വർഗ്ഗാക്ഷരങ്ങൾ പരമായാൽ അനുനാസികാദേശം എന്നു പറയുന്നതും പൂർണ്ണമായി ശരിയാവുന്നില്ല. മരപ്പലക, മരപ്പാവ, ചതുരക്കല്ല് എന്നിങ്ങനെ പദങ്ങൾ ഭാഷയിലുണ്ട്.

**ലീലാതിലകസൂത്രങ്ങളുമായി താരതമ്യം**

| | | | | |
|---|---|---|---|---|
| **കാരിക** | **1.** | സ്വരത്തിന് മുമ്പ് ലോപിക്കും | – | ലോപശ്ചഃ |
| | **7.** | വർജ്ജിപ്പൂസ്വരസംയോഗം | – | സന്ധാവചോർ മധ്യേയഃ |
| | **7.** | പൂർവ്വമോഷ്ഠ്യസ്വരം വന്നാൽ | – | ഓർന്നിത്യം |
| | **8.** | ശ്രുതിമാധുര്യാർത്ഥമായും | – | ക്വചിദദാദിദൂർദ്ധ്യപരസ്യപഞ്ചമഃ |
| | **9.** | വകാരാഗമേ ചേരൂ | – | അദിതോകേവലയോർവ |
| | **13.** | വിശേഷണവിശേഷ്യങ്ങൾ | – | സമാസേചാഞാദീനാം |
| | **15.** | ആധാരികാഭാസമാം എ | – | ഹ്രസ്വാദെതകചതപാനാം ദ്വിത്വം |
| | **17.** | ചുട്ടെഴുത്തിന് പിൻവന്നാൽ | – | ഏഭ്യാം ചഃ |
| | **20.** | തവർഗ്ഗത്തിനടുത്തുള്ള | – | ണസ്തസ്യടഃ |
| | **20.** | തവർഗ്ഗത്തിനടുത്തുള്ള | – | നോണ |
| | **21.** | ളകാരമെങ്കിൽ മൂർദ്ധന്യം | – | ളോനെ |
| | **22.** | വിനാമം ലളകൾക്കോതാം | – | ലോ നഃ പഞ്ചമേഷു |
| | **25.** | മകാരം താനനുസ്വാരം | – | മസ്യയഥായോഗംകാദിഷുപഞ്ചമഃ |

# മൊഡ്യൂൾ – 2

# ശബ്ദവിഭാഗം

**ശബ്ദം** : അർത്ഥം ലഭിക്കുമാറ് വർണ്ണങ്ങളെ ചേർത്തുണ്ടാക്കുന്നത്.

ഉദാ : തവള – ത് + അ + വ് + അ + ള് + അ

ശബ്ദത്തെ രണ്ടായി തിരിക്കാം

**വാചകം** : വാച്യമായി ഒരർത്ഥമുള്ളത്

ഉദാ : താമര, മരം, കളിക്കുക.

**ദ്യോതകം** : വാച്യാർത്ഥമൊന്നുമില്ലാതെ രണ്ട് വാച്യാർത്ഥങ്ങളെ കൂട്ടിച്ചേർക്കാനുപയോഗിക്കുന്നത്.

ഉദാ : ഉം, ഓ, എങ്കിൽ

വാചകത്തെ നാമം, കൃതി ഭേദകം എന്നു മൂന്നായി തിരിക്കാം

നാമം – വസ്തുവിനെ കുറിക്കുന്നത്

ഉദാ : ചെടി, പുലി, കല്ല്

കൃതി – ക്രിയയെകുറിക്കുന്നത്

ഉദാ : കളിക്കുന്നു, ഓടുന്നു, ചിരിക്കുന്നു.

ഭേദകം – ഗുണത്തെകൂറിക്കുന്നത്

ഉദാ : അഴക്, നന്മ, വെണ്മ, മിടുക്ക്

**നാമവിഭജനം**: നാമങ്ങളെ ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം എന്നിങ്ങനെ മൂന്നായി തിരിക്കാം.

ദ്രവ്യനാമം – വസ്തുവിനെ കുറിക്കുന്നത് (മരം, ചെടി, പുലി, കല്ല് )

ഗുണനാമം – ഗുണത്തെക്കുറിക്കുന്നത് (അഴക്, നന്മ, വെണ്മ, മിടുക്ക)

ക്രിയാനാമം – ക്രിയയെ കാണിക്കുന്നത് (കളി, ചിരി, ഓട്ടം, ചാട്ടം)

ദ്രവ്യനാമത്തെ സംജ്ഞ, സാമാന്യം, സർവ്വം, മേയം എന്നു നാലായി തിരിക്കാം.

സംജ്ഞാനാമം – ഒരു വ്യക്തിയെ പ്രത്യേകം കുറിക്കുന്നത്

ഉദാ : രാമൻ, കൃഷ്ണൻ, രാധ

സാമാന്യനാമം – ഒരു പ്രത്യേക വിഭാഗത്തെ കാണിക്കുന്നത്

ഉദാ : മനുഷ്യൻ, മൃഗം, മരം, ചെടി

സർവ്വനാമം – എല്ലാറ്റിനേയും കാണിക്കാൻ ഉപയോഗിക്കുന്നത്

ഉദാ : അവ, ഇവ, എവ, എൻ, നിൻ

മേയനാമം – ജാതി വ്യക്തി വ്യത്യാസമില്ലാത്തതിനെ കാണിക്കാൻ

ഉദാ : ജലം,വായു,ആകാശം,സ്വർണ്ണം

**ക്രിയാവിഭജനം**

1. അർത്ഥത്തെ അടിസ്ഥാനമാക്കി സകർമ്മകം, അകർമ്മകം

സകർമ്മകം – കർമ്മമുള്ള ക്രിയകൾ

ഉദാ : അടിക്കുക, ഇടിക്കുക, തിന്നുക, കൊല്ലുക

അകർമ്മകം – കർമ്മമില്ലാത്ത ക്രിയകൾ

ഉദാ : കളിക്കുക, ചിരിക്കുക, ഓടുക, ചാടുക

2. പ്രകൃതിയെ അടിസ്ഥാനമാക്കി കേവലം, പ്രയോജകം

കേവലക്രിയ – കർത്താവ് സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന ക്രിയ

ഉദാ : ഓടുന്നു, ചാടുന്നു, പഠിക്കുന്നു, നടക്കുന്നു

പ്രയോജകക്രിയ– പരപ്രേരണകൊണ്ട് ചെയ്യുന്ന ക്രിയ

ഉദാ : ഓടിക്കുന്നു, പഠിപ്പിക്കുന്നു, കളിപ്പിക്കുന്നു.

3. രൂപത്തെ അടിസ്ഥാനമാക്കി കാരിതം, അകാരിതം

കാരിതക്രിയ – 'ക്ക്' പ്രത്യയം ചേർന്ന ക്രിയകൾ

ഉദാ : കളിക്കുന്നു, ചിരിക്കുന്നു, നടക്കുന്നു

അകാരിതക്രിയ– 'ക്ക്' പ്രത്യയം ചേരാത്ത ക്രിയകൾ

ഉദാ : പുകയുന്നു, അരയുന്നു, മറയുന്നു

4. പ്രാധാന്യമനുസരിച്ച് മുറ്റുവിന, പറ്റുവിന

മുറ്റുവിന – മറ്റു പദങ്ങൾക്ക് വിധേയപ്പെടാതെ നിൽക്കുന്ന പൂർണ്ണക്രിയ

ഉദാ : ചെയ്തു, കണ്ടു, കളിച്ചു, ഓടി

പറ്റുവിന – പൂർണ്ണ ക്രിയയോട് പറ്റിനിൽക്കുന്ന അപൂർണ്ണ ക്രിയ

ഉദാ : ചെയ്ത്, കണ്ട്. കളിച്ച്, ഉരുണ്ട്

പറ്റുവിനയെ വിനയെച്ചം പേരെച്ചം എന്നു രണ്ടായി തിരിക്കാം.

വിനയെച്ചം – പറ്റുവിന ഒരു ക്രിയയെ വിശേഷിപ്പിക്കുകയാണെങ്കിൽ വിനയെച്ചം

ഉദാ : ഓടിപ്പോയി, കണ്ട് നിന്നു

പേരെച്ചം – പറ്റുവിന ഒരു നാമത്തെ വിശേഷിപ്പിച്ചാൽ പേരെച്ചം

ഉദാ : കണ്ട കാഴ്ച, പറഞ്ഞ കാര്യം

പൂർണ്ണ ക്രിയയിൽ 'അ' പ്രത്യയം ചേർത്താണ് പേരെച്ചം ഉണ്ടാക്കുന്നത്

ഉദാ : – കറുത്തു – കറുത്ത

വെളുത്തു – വെളുത്ത

നീണ്ടു – നീണ്ട

പഴുത്തു – പഴുത്ത

വിനയെച്ചത്തെ 5 ആയി തിരിക്കാം

മുൻവിനയെച്ചം , പിൻവിനയെച്ചം, തൻവിനയെച്ചം, നടുവിനയെച്ചം, പാക്ഷികവിനയെച്ചം എന്നിവയാണവ.

മുൻവിനയെച്ചം – ഇത് ഭൂതകാലത്തിലെ വിശേഷണത്തെകുറിക്കുന്നു. ഉകാരാന്തഭൂതകാലങ്ങളിൽ സംവൃതോകാരമാണ് ഇതിന്റെ പ്രത്യയം.

ഉദാ : ഉണ്ട്, ഉരുണ്ട്, കണ്ട്, കേട്ട്

പിൻവിനയെച്ചം – ഇത് ഭാവികാലത്തിലെ വിശേഷണത്തെ കാണിക്കുന്നു. ആൻ എന്നാണിതിന്റെ പ്രത്യയം

ഉദാ : കളിക്കാൻ, പഠിക്കാൻ, നടക്കാൻ

നടുവിനയെച്ചം – ഇത് മൂന്നു കാലങ്ങളേയും പൊതുവെ കുറിക്കുന്നു. അ, ക, ഉക എന്നി പ്രത്യയങ്ങൾ

ഉദാ : ചെയ്യ, ചെയ്ക, ചെയ്യുക

തൻവിനയെച്ചം – തനിച്ചുനിൽക്കുന്ന നടുവിനയെച്ചം തന്നെ തൻവിനയെച്ചം, എ, അവേ, എന്നിങ്ങനെ പ്രത്യയങ്ങൾ

ഉദാ : ചെയ്യിൽ, ചെയ്കിൽ, ചെയ്യുകിൽ

**ഭേദകങ്ങൾ**

വാച്യാർത്ഥമുള്ള വാചകങ്ങളുടെ മൂന്ന് ഉൾപ്പിരിവുകളാണ് നാമം, കൃതി, ഭേദകം. ഭേദിപ്പിച്ച് (വിശേഷണം) കാണിക്കുന്നവയാണ് ഭേദകങ്ങൾ. ദ്രാവിഡ ഭാഷകളിൽ നാമങ്ങൾപോലെയോ, ക്രിയകൾ പോലെയോ ഒരു പ്രത്യേക വ്യാകരണവിഭാഗമല്ല ഭേദകങ്ങൾ എന്ന് കാൾഡ്വൽ ഗുണ്ടർട്ട്, ഷൂൾ ബ്ലോക്ക് എന്നിവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ദ്രാവിഡത്തിൽ ഭേദകങ്ങൾ എന്നു വിളിക്കാവുന്ന പ്രത്യേക വിഭാഗങ്ങളില്ലെന്നും ഗുണവാചികളോ, സംബന്ധവാചികളോ ആയ നാമങ്ങളെത്തന്നെയാണ് നാം ഭേദകാർത്ഥത്തിൽ ഉപയോഗിക്കുന്നതെന്നും കാൾഡ്വൽ നിരീക്ഷിക്കുന്നുണ്ട്. എന്നാൽ കേരളപാണിനീയത്തിൽ ഇതിൽനിന്ന് വ്യത്യസ്തമായ നിരീക്ഷണമാണ് എ.ആർ അവതരിപ്പിക്കുന്നത്. മലയാളത്തിൽ നാമവിശേഷണങ്ങൽ പ്രത്യേകമായുണ്ട് എന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്. ശബ്ദവിഭാഗത്തിൽ 7ഉം ഭേദകപ്രകരണത്തിൽ 1ഉം അടക്കം ആകെ 8 വിഭാഗങ്ങളായി ഭേദകങ്ങളെ വിഭജിക്കുകയും ചെയ്യുന്നു.

ഭേദകങ്ങളുടെ ഉൾപിരിവുകൾ

1. ശുദ്ധം : ഇത് ധാതുവിന്റെ തനിസ്വരൂപം തന്നെയാണ്.

   ഉദാ : ചെറു – ചെറുപയറ് ചെം – ചെന്താമര

   തിരു – തിരുമുഖം നൽ –നന്മുത്ത്

2. സാർവ്വ നാമികം : ഇത് സർവ്വനാമത്തെ തന്നെ ഭേദകമായുപയോഗിക്കുന്നതാണ്.

   ഉദാ : അവിടം, ഇവിടം, എവിടം,

3. സാംഖ്യം : ഇത് ഒരു സംഖ്യാരൂപമായ ഭേദകമാണ്.

   ഉദാ : ഒരു പശു, മൂലോകം, അയ്യമ്പൻ

4. വിഭാവകം : ഉത് ഒരു വസ്തുവിന്റെ സ്വഭാവത്തെ കാണിക്കുന്നു.

ഉദാ : സമർത്ഥനായ, കേമനായ, മിടുക്കനായ

5. പാരിമാണികം : ഇത് അളവിനെ കുറിക്കുന്ന ഭേദകമാണ്.

ഉദാ : നാഴിയരി, രണ്ടുതുടം, ഒരു പിടി

6. നാമാംഗജം : പേരെച്ചത്തെത്തന്നെ ഭേദകമായുപയോഗിക്കുന്നതാണിത്.

ഉദാ : കറുത്ത, വെളുത്ത, കെട്ടിയ

7. ക്രിയാംഗജം : വിനയെച്ചത്തെ ഭേദകമായുപയോഗിക്കുന്നു.

ഉദാ : ഉറക്കെ, നീളെ, കൂടെ, മുറുകി

8. വിഭക്ത്യാഭ്യാസം : ഭേദകപ്രകരണത്തിലാണ് ഇതിനെക്കുറിച്ച് പറയുന്നത്

ഉദാ : കാട്ടിലെ, കരയിലെ, വെള്ളത്തിലെ

**വിമർശനം**

ദ്രാവിഡ ഭാഷകളിൽ ശുദ്ധമായ ഭേദകവിഭാഗമില്ല എന്ന പൂർവ്വനിരീക്ഷണങ്ങൾക്ക് വിരുദ്ധ മായി ഭേദകചർച്ച നടത്തുന്നുണ്ടെങ്കിലും നാമങ്ങൾ പോലെയോ, ക്രിയകൾ പോലെയോ ഭേദക ങ്ങളെ വേർതിരിക്കാൻ കേരളപാണിനിയ്ക്ക് സാധിച്ചിട്ടില്ല. വാച്യാർത്ഥമുള്ള വാചകങ്ങളുടെ വിഭാഗമാണ് ഭേദകങ്ങളെങ്കിലും നൽകിയിരിക്കുന്ന ഭേദകങ്ങൾക്ക് സ്വതന്ത്രമായ അർത്ഥമോ, രൂപമോ ഇല്ല. ശുദ്ധം, സാംഖ്യം, പാരിമാണികം, സാർവ്വനാമികം എന്നിവയ്ക്കൊന്നും വാചകത്വ മില്ല. 'ഒരു' എന്ന സാംഖ്യത്തിലും, പാരിമാണികത്തിലും, സാർവ്വനാമികത്തിലും വരുന്നുണ്ട്. പാരിമാണികത്തിലെ നാഴി, രണ്ട് എന്നിവ നാമങ്ങൾതന്നെയാണ്. നാമത്തിൻമേൽ ആയ ചേർത്ത് ഉണ്ടാക്കുന്നവയാണ് വിഭാവകങ്ങൾ. നാമാംഗജം, ക്രിയാംഗജം എന്നിവ പേരെച്ചവും വിനയെ ച്ചവും തന്നെയാണ്. പൂർണ്ണക്രിയയിൽ നിന്നാണിവ ഉണ്ടാക്കുന്നത്. അതുകൊണ്ട് തന്നെ ഭേദക ങ്ങളുടെ കാര്യത്തിൽ കാൾഡ്വൽ, ഗുണ്ടർട്ട് എന്നിവരുടെ നിരീക്ഷണങ്ങൾ തന്നെയാണ് സ്വീകാര്യ മെന്നു കാണാം.

ദ്യോതകങ്ങൾ : വാച്യാർത്ഥമില്ലാതെ രണ്ട് വാച്യാർത്ഥങ്ങളെ തമ്മിൽ ബന്ധിപ്പിക്കാനുപയോഗി ക്കുന്നവയാണ് ദ്യോതകങ്ങൾ.

ദ്യോതകങ്ങൾ രണ്ടു വിധമാണ്.

നിപാതം – ഇവ ആദ്യമേ കല്പകദ്യോതകങ്ങൾ തന്നെയാണ്.

ഉദാ : ഉം, ഓ

അവ്യയങ്ങൾ – വാചകത്വം നഷ്ടപ്പെട്ട് ദ്യോതകങ്ങളായി മാറിയവയാണിവ.

ഉദാ : രാവണൻ എന്ന രാക്ഷസൻ

മഴപെയ്തു എങ്കിലും തണുത്തില്ല.

ദ്യോതകങ്ങളെ അവയുടെ വ്യാപാരമനുസരിച്ച് ഗതി, ഘടകം, വ്യാക്ഷേപകം എന്നിങ്ങനെ മൂന്നായി തിരിക്കാം.

**ഗതി** : വിഭക്തി പ്രത്യങ്ങൾ കൊണ്ട് അർത്ഥപൂർത്തി വരാത്തിടങ്ങളിൽ അവയെ പരിഷ്ക്കരിക്കാൻ വേണ്ടി ചെർക്കുന്നവയാണിവ.

ഉദാ : കൊണ്ട്, പറ്റി, നിന്ന്, വെച്ച്, വേണ്ടി, വരെ

**ഘടകം** : നിപാതങ്ങൾ തന്നെയാണിവ. 'ഉം' എന്ന സമുച്ചയനിപാതവും ഓ എന്ന വികല്പനിപാതവും

ഉദാ : രാമനും, കൃഷ്ണനും, കളിയും ചിരിയും

രാമനെ കൃഷ്ണനോ, കളിയോ ചിരിയോ

**വ്യാക്ഷേപകം** : വാക്യാർത്ഥത്തെ തന്നെ കാണിക്കാൻ കഴിയുന്ന ചെറിയ ശബ്ദങ്ങളാണിവ.

ഉദാ : ഉവ്വ്, അയ്യേ, ഹാ, ഛെ

**ഗതികൾ ദ്യോതകങ്ങളോ ?**

വാച്യാർത്ഥമില്ലാതെ രണ്ടു വാച്യാർത്ഥങ്ങളെ കൂട്ടിച്ചേർക്കുന്ന ദ്യോതകങ്ങളുടെ കൂട്ടത്തിലാണ് ഗതികളെ ഉൾപ്പെടുത്തിയിരിക്കുന്നത് എങ്കിലും, ഗതികൾക്ക് സവിശേഷമായ പല അർത്ഥങ്ങളെയും പ്രകടിപ്പിക്കാൻ കഴിയുമെന്ന് കാണാം.

ഉദാ : ഞാൻ അവനെ സ്കൂളിൽ കണ്ടു.

ഞാൻ അവനെ സ്ക്കൂളിൽ വെച്ച് കണ്ടു.

രണ്ടാമത്തെ വാക്യത്തിൽവെച്ച് എന്ന ഗതി ഉള്ളതിനാൽ വാക്യത്തിനത് വ്യത്യസ്തമായ അർത്ഥം ലഭിച്ചതായി കാണാം. ഒന്നാം വാക്യത്തിൽ ഞാൻ സ്കൂളിൽ ഉണ്ടാവണമെന്നില്ല. എന്നാൽ രണ്ടാം വാക്യത്തിൽ ഞാൻ സ്ക്കൂളിൽ ഉണ്ടായിരിക്കണമെന്ന് നിർബന്ധമാണ്. ഇത്തരം സവിശേഷ അർത്ഥങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന ഗതികളെ ദ്യോതകങ്ങളായി കരുതുന്നതിന് യുക്തിയില്ല.

വ്യാക്ഷേപകങ്ങൾ : പൂർണ വാക്യങ്ങളുടെ അർത്ഥം പ്രകടിപ്പിക്കുന്ന ചെറിയ ശബ്ദങ്ങളാണിവ.

ഉദാ : നീ അവിടെ പോയോ? എന്ന ചോദ്യത്തിന് ഉവ്വ് എന്നുത്തരം പറഞ്ഞാൽ ഞാൻ അവിടെ പോയി എന്നാണർത്ഥം. പൂർണവാക്യങ്ങളുടെ അർത്ഥം വരെ പ്രകടിപ്പിക്കാൻ കഴിയുന്ന വ്യാക്ഷേപകങ്ങളെ വാചകത്വമില്ലാത്ത ദ്യോതകങ്ങളായി പരിഗണിച്ചതിലും ന്യൂനതയുണ്ട്.

# മൊഡ്യൂൾ – 3

# നാമവിഭാഗം

**ലിംഗപ്രകരണം** : ലോകത്തിൽ സ്ത്രീ പുരുഷൻ നപുംസകം എന്ന വിഭജനത്തിനു തന്നെയാണ് ലിംഗഭേദം എന്നു പറയുന്നത്. ഭാഷയിൽ മനുഷ്യർക്കിടയിൽ മാത്രമേ സ്ത്രീ പുരുഷ വ്യത്യാസ മുള്ളൂ. ബാക്കിയെല്ലാം നപുംസകങ്ങളാണ്. സംസ്കൃതത്തിൽ നപുംസകങ്ങൽക്കു കൂടി സ്ത്രീപുരുഷ വ്യത്യാസം കല്പിച്ചിരിക്കുന്നു. അത്തരം സങ്കീർണതകൾ മലയാളത്തിലില്ല എന്നത് മേന്മയാണ്.

**പ്രത്യയങ്ങൾ** : സാധാരണ നാമങ്ങളിൽ അൻ, ഇ, അം എന്നിവയാണ് യഥാക്രമം പുരുഷ, സ്ത്രീ, നപുംസക പ്രത്യയങ്ങൾ.

ഉദാ : കേമൻ, കേമി, കേമം

കള്ളൻ, കള്ളി, കള്ളം

സർവ്വനാമങ്ങളിൽ അൻ, അൾ, തു എന്നാണ് പ്രത്യയം.

ഉദാ : അവൻ, അവൾ, അത്

ഇവൻ, ഇവൾ, ഇത്

### അം പ്രത്യയ ചർച്ച/നപുംസക പ്രത്യയ ചർച്ച

ദ്രാവിഡഭാഷാ വൈയാകരണരായ റോബർട്ട് കാൾഡ്വലിനേയും, ഹെർമ്മൻ ഗുണ്ടർട്ടിനെയും അനുസരിച്ചാണ് പല വിഷയങ്ങളിലും കേരളപാണിനീയം നിരീക്ഷണങ്ങൾ അവ തരിപ്പിക്കുന്നത്. എന്നാൽ നപുംസകപ്രത്യയത്തിന്റെ കാര്യത്തിൽ കാൾഡ്വലിനോട് വിയോജിച്ചു കൊണ്ട് സ്വന്തമായ ഒരു അഭിപ്രായം അവതരിപ്പിക്കുകയാണ് എ.ആർ. ചെയ്യുന്നത്. കേരളപാണി നീയം 46,47,48 കാരികകളിൽ 'അം' എന്ന നപുംസകപ്രത്യത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്യു ന്നുണ്ട്. 46–ാംകാരികയിൽ കാൾഡ്വലിന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കുകയും 47, 48 കാരികക ളിൽ സ്വന്തമായൊരു നിഷ്പത്തിക്ക് ശ്രമിക്കുകയുമാണ് അദ്ദേഹം.

46–ാം കാരികയിൽ കാൾഡ്വലിന്റെ അഭിപ്രായങ്ങളെ ഇപ്രകാരം സംഗ്രഹിച്ചിരിക്കുന്നു.

ഭാഷയിൽ മനുഷ്യരല്ലാത്തതെല്ലാം നപുംസകങ്ങൾ ആയിരിക്കേ നപുംസകങ്ങളെ കാണി ക്കാൻ പ്രത്യേകം പ്രത്യയങ്ങളുടെ ആവശ്യമില്ല. അതിനാൽ മരം, പാലം എന്നിവയുടെ അന്ത്യ ത്തിൽ വരുന്ന 'അം' ലിംഗപ്രത്യയമല്ല അംഗപ്രത്യയമാണ്. ലിംഗപ്രത്യമായിരുന്നെങ്കിൽ വിഭക്തി പ്രത്യയം ചേർന്നാൽ തെളിയേണ്ടതാണ്. മകളോട്, മകനോട് എന്നിവയിൽ ഓട് എന്ന വിഭക്തിപ്ര ത്യയം ചേർന്നപ്പോഴും അൾ, അൻ എന്നിവ തെളിയുന്നുണ്ട്. എന്നാൽ മരത്തിൽ മരത്താൽ എന്നി വയിൽ അം തെളിയാത്തതിന് കാരണം അത് ലിംഗപ്രത്യയമല്ലാത്തതുകൊണ്ടാണ്. മാത്രമല്ല, അന ക്കം, ആട്ടം എന്നിവയിൽ വരുന്ന അം ലിംഗപ്രത്യയമോ അംഗപ്രത്യയമോ അല്ല, ക്രിയാനാമങ്ങളെ ഉണ്ടാക്കാനുള്ള കൃതികൃത്ത് പ്രത്യയമാണ്.

കാൾഡ്വലിന്റെ അഭിപ്രായങ്ങൾ സംഗ്രഹിച്ചശേഷം അതിനോട് വിയോജിച്ചുകൊണ്ട് 47–ാം കാരികയിൽ എ.ആർ.സ്വാഭിപ്രായം അവതരിപ്പിക്കുന്നു.

നപുംസകത്തിന് പ്രത്യയം ആവശ്യമാണ്. അം എന്നത് ഭാഷയിലെ നപുംസകപ്രത്യയമാണ്. അംഗപ്രത്യയമെന്നാൽ പ്രകൃതിക്കും പ്രത്യയത്തിനും ഇടയിൽ വരേണ്ടതാണ്. നാമാന്ത്യങ്ങളിൽ വരുന്ന അം അംഗപ്രത്യയമാണെന്നു പറയുന്നത് യുക്തിയല്ല. ഇങ്ങനെ വ്യക്തമാക്കി കാൾഡ്വലിന്റെ അംഗപ്രത്യയ വാദത്തെ എ.ആർ. നിരസിക്കുന്നു. പിന്നീട് അം നപുംസക പ്രത്യയമാണെന്ന് സ്ഥാപിക്കുകയാണ് അദ്ദേഹം. മരത്തിൽ, മരത്താൽ എന്നിവയിൽ ലിംഗപ്രത്യയ ശേഷം തന്നെയാണ് വിഭക്തിപ്രത്യയം വരുന്നത്. അം തെളിയാത്തതിന് കാരണം അം ന് 'അത്ത്' ആദേശമായി വരുന്നത് കൊണ്ടാണെന്ന് അദ്ദേഹം പറയുന്നു. 'അം'ന്റെ ആദിരൂപം അൻ എന്നു കരുതുന്ന പക്ഷം അൻ ഖരാദേശദ്വിത്വങ്ങളിലൂടെ അത്തായി മാറി എന്നുറപ്പിക്കാം. ഭാഷയിൽ അൻ>അം മാറ്റത്തെ കാണിക്കാൻ കൂവളത്തിൻ വേര് >കൂവളത്തുംവേര് എന്നു മാറിയതിനെ ഉദാഹരിക്കുകയും ചെയ്യുന്നു.

എന്നാൽ അൻ എന്നതിനന്ത്യത്തിലെ 'ൻ' വർത്സ്യമായതിനാൽ അത് ഖരാദേശദ്വിത്വങ്ങളിലൂടെ ദന്ത്യമായ 'അത്താ'യി മാറുകയില്ല. ഈ പ്രശ്നത്തിനുള്ള പരിഹാരമായാണ് 48–ാം കാരിക അവതരിപ്പിക്കുന്നത്. പദാന്ത്യത്തിൽ ര,റ കൾ ചില്ലായി നിൽക്കുമ്പോൾ ഒരേ ധ്വനിയാവുന്ന പോലെ ദന്ത്യവർത്സ്യനകാരങ്ങൾക്കും ഓരേ ധ്വനിയാണെന്ന് പറയുകയാണ് അദ്ദേഹം. 'അ'ംന്റെ ആദിരൂപം ദന്ത്യമായ 'അൻ' ആണെന്ന് സ്ഥാപിച്ചാൽ അത് ഖരാദേശദ്വിത്വങ്ങളിലൂടെ അത്താവുകയും അങ്ങിനെ മരം, പാലം എന്നിവയുടെ അന്ത്യത്തിലെ അം നപുംസക പ്രത്യയമാണെന്ന് ഉറപ്പിക്കുകയും ചെയ്യാവുന്നതാണ്.

**വിമർശനം :–**

കാൾഡ്വലിന്റെ അംഗപ്രത്യയവാദത്തെ നിരസിക്കാൻ കഴിഞ്ഞെങ്കിലും അം ലിംഗപ്രത്യമാണെന്ന് സ്ഥാപിക്കാൻ എ.ആറിന് കഴിഞ്ഞിട്ടില്ല എന്നു വേണം കരുതാൻ. തന്റെ വാദം ഉറപ്പിക്കാൻ അവതരിപ്പിക്കുന്ന പല വർണപരിണാമ നിയമങ്ങളും യുക്തിരഹിതമാണ്. പദാന്ത്യത്തിൽ 'ൻ' ദന്ത്യമാണെന്ന് പറയുന്നത് ഉച്ചാരണശാസ്ത്രപ്രകാരം ശരിയല്ല. ഭാഷയിൽ അം എന്നത് സാർവ്വത്രികമായി നപുംസകപ്രത്യമാണെന്ന് പറഞ്ഞാൽ കല്ല്, മല, പുലി എന്നിവ നപുംസകങ്ങളല്ലാതാവും. ഓട്ടം, ചാട്ടം, ഉറക്കം എന്നീ വ്യാപാരങ്ങൾ നപുംസകമാവുകയും ചെയ്യും. ഭാഷയിൽ ലിംഗഭേദം പ്രത്യയപ്രമാണമല്ല അർത്ഥാനുസാരിയാണ് എന്ന മുൻകാല നിരീക്ഷണങ്ങൾ തന്നെയാണ് ഇക്കാര്യത്തിൽ യുക്തിസഹമെന്ന് കാണാം.

**വചനപ്രകരണം**

നാമൊരു വസ്തുവിനെക്കുറിച്ച് പറയുമ്പോൾ അത് ഒന്നോ അതിലധികമോ എന്ന് കാണിക്കാൻ അതിനെ കുറിക്കുന്ന ശബ്ദത്തിൽ വരുത്തുന്ന രൂപ ഭേദമാകുന്നു വചനം. സംസ്കൃതത്തിൽ ഏകവചനം, ദ്വിവചനം, ബഹുവചനം എന്നിങ്ങനെ മൂന്നു വചനങ്ങളുള്ളപ്പോൾ ഭാഷയിൽ ഏകവചനവും ബഹുവചനവും മാത്രമേയുള്ളു.

ബഹുവചനം മൂന്നായി തിരിയുന്നു. സലിംഗം, അലിംഗം, പൂജകം. സ്ത്രീപുരുഷനപുംസകങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ ബഹുത്വമാണ് സലിംഗബഹുവചനം. അതിന് മാർ എന്ന് പ്രത്യയം.

ഉദാ : മിടുക്കന്മാർ , മിടുക്കത്തിമാർ

സ്ത്രീപുരുഷന്മാർ കൂടിവരുന്ന നാമത്തിന്റെ ബഹുത്വമാണ് അലിംഗബഹുവചനം. അതിന് അർ എന്നു പ്രത്യയം.

ഉദാ : മനുഷ്യർ, മിടുക്കർ

നപുംസകങ്ങളുടെ ബഹുത്വത്തെകുറിക്കുന്നതിന് കൾ എന്നാണ് പ്രത്യയം.

ഉദാ : മരങ്ങൾ, കല്ലുകൾ

ഏതെങ്കിലും ഒരു വ്യക്തിയുടെ ബഹുമാനത്തെ കാണിക്കാൻ വേണ്ടിയുള്ളതാണ് പൂജകബഹുവചനം.

ഉദാ : സ്വാമികൾ, മാരാർ

**വിമർശനം :** നപുംസകപ്രത്യയമാണ് കൾ എന്നും കൾ ചേരുന്നതെല്ലാം നപുംസകമാണെന്നും പറയുന്നതിന് യുക്തിയില്ല. സ്ത്രീകൾ, കുട്ടികൾ, ആളുകൾ എന്നിങ്ങനെ കൾ വരുന്ന ധാരാളം ബഹുവചനരൂപങ്ങളുണ്ട്. ഇവയൊന്നും നപുംസകങ്ങളല്ല.

ഒരു വ്യക്തിയുടെ ബഹുമാനത്തെ കാണിക്കുന്നതിന് ബഹുവചനം എന്നു പേരു വിളിക്കുന്നതും ശരിയല്ല. ഒരു ബഹുവചനപ്രത്യയം ഉപയോഗിക്കുന്നു എന്നത് മാത്രമാണ് ഇവിടത്തെ സവിശേഷത.

**കാരിക 51 :** സംഖ്യാ വിശേഷണം ചേർന്നാൽ ............................

സംഖ്യാവാചിയായ ഒരു വിശേഷണ ശബ്ദമുണ്ടെങ്കിൽ ജീവനില്ലാത്ത നപുംസകങ്ങൾക്ക് ഒപ്പം ബഹൂവചനപ്രത്യയം ചേർക്കേണ്ടതില്ല.

ഉദാ : പത്ത് തേങ്ങകൾ എന്ന് പറയേണ്ടതില്ല,

ജീവനുള്ള നപുംസകമാണെങ്കിൽ പ്രത്യയം ചേർക്കുന്നതിന് വിരോധമില്ല.

ഉദാ : പത്ത് പശുക്കൾ

മനുഷ്യർക്കാണെങ്കിൽ നിർബന്ധമായും പ്രത്യയം ചേർക്കേണ്ടതാണ്.

ഉദാ : പത്ത് കുട്ടികൾ

**വിഭക്തി**

മറ്റ് പദങ്ങളുമായുള്ള സംബന്ധത്തെ കൂറിക്കുന്നതിന് വേണ്ടി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കാണ് വിഭക്തി എന്നു പറയുന്നത്. കേരളപാണിനീയത്തിന് മുമ്പ് മലയാളവ്യാകരണം രചിച്ച എല്ലാവരും സംസ്കൃതവ്യാകരണഗ്രന്ഥമായ പാണിനി മഹർഷിയുടെ 'അഷ്ടാധ്യായി'യെ അനുസരിച്ച് പ്രഥമ, ദ്വിതീയ, തൃതീയ എന്നോ ഒന്നാം വിഭക്തി, രണ്ടാം വിഭക്തി എന്നോ പേര് നൽകുകയായിരുന്നു ചെയ്തിരുന്നത്. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായി സംസ്കൃതമലയാളവിഭക്തികളുടെ വ്യത്യാസങ്ങൾ പരിഗണിച്ച് പ്രഥമ, ദ്വിതീയ എന്നീ പേരുകൾ ഉപേക്ഷിച്ച് നിർദ്ദേശിക, പ്രതിഗ്രാഹിക എന്നീ പേരുകൾ സ്വീകരിക്കുകയാണ് എ.ആർ. ചെയ്യുന്നത്.

പേര് മാറ്റത്തിനടിസ്ഥാനമായി പ്രധാനമായും 4കാരണങ്ങളാണ് അദ്ദേഹം ചൂണ്ടികാണിക്കുന്നത്.

1. സംസ്കൃതത്തിൽ ഒരു പ്രത്യയത്തിന് ഒന്നിലേറെ അർത്ഥങ്ങൾ ഉള്ളപ്പോൾ ഭാഷയിൽ ഓരോ പ്രത്യയത്തിനും ഓരോ അർത്ഥം മാത്രമേയുള്ളൂ.

   ഉദാ : രാമസ്യ പുത്രോ ജാതഃ – രാമന് പുത്രൻ ഉണ്ടായി.

   രാമായ ധനമദാത് – രാമന് ധനം കൊടുത്തു.

2. സംസ്കൃതത്തിൽ ഓരർത്ഥത്തെ കാണിക്കാൻ ഒന്നിലേറെ പ്രത്യയങ്ങൾ ഉപയോഗിക്കുമ്പോൾ ഭാഷയിൽ ഓരോ അർത്ഥത്തിനും പ്രത്യേകം പ്രത്യയങ്ങൾ ഉണ്ട്.

   ഉദാ : തൃതീയാപ്രത്യയമായ 'തേന'യ്ക്ക് ആറോളം അർത്ഥങ്ങൾ ഉണ്ട്.

ഇവിടെ ഒരർത്ഥത്തെ കാണിക്കാൻ ഷഷ്ഠിയും ചതുർത്ഥിയും ഉപയോഗിച്ചപ്പോൾ മലയാളത്തിൽ ഉദ്ദേശികമാത്രം ഉപയോഗിച്ചാൽ മതി.

3. സംസ്കൃതത്തിൽ വെറും പ്രത്യയങ്ങൽ മാത്രം ഉപയോഗിക്കുമ്പോൾ ഭാഷയിൽ ഗതി പോലുള്ള അവ്യയ ശബ്ദങ്ങളെകൂടി ഉപയോഗിക്കുന്നു.

4. സംസ്കൃതത്തിലും മലയാളത്തിലും വിഭക്തികളുടെ എണ്ണം ഏഴ് തന്നെയെങ്കിലും അർത്ഥത്തിന്റെ കാര്യത്തിൽ അവ യോജിക്കുന്നില്ല. സംസ്കൃതത്തിലെ പഞ്ചമിക്ക് തുല്യമായ ഒരു പ്രത്യയം ഭാഷയിലില്ല.

ഈ വ്യത്യാസങ്ങൾ ഉണ്ടായിരിക്കേ സംസ്കൃതത്തെ അന്ധമായി അനുകരിക്കുന്നതുകൊണ്ട് കാര്യമില്ലെന്ന് അദ്ദേഹം പറയുന്നു. പിന്നീട് അർത്ഥത്തെ അനുസരിച്ച് നിർദ്ദേശിക, പ്രതിഗ്രാഹിക എന്നിങ്ങനെ പേരുകൾ സ്വീകരിക്കുകയും യഥാക്രമം പ്രത്യയങ്ങളും കാരകബന്ധവും നിർദ്ദേശിക്കുകയുമാണ്.

**വിഭക്തികൾ പ്രത്യയങ്ങൾ കാരകങ്ങൾ**

1. **നിർദ്ദേശിക**–ഒന്നാം വിഭക്തി, ഈ വിഭക്തി കർത്താവിനെ കുറിക്കുന്നു. പ്രത്യയം ഒന്നുമില്ല. നിർദ്ദേശികയിൽ കർത്താവ് രണ്ട് തരത്തിൽ വരുന്നുണ്ട്. വാക്യത്തിലെ പ്രധാന നാമം എന്ന നിലയിലും ക്രിയാവ്യാപാരാശ്രയം എന്ന നിലയിലും

   ഉദാ : രാമൻ എന്ന രാജാവ് (പ്രധാന നാമം)

   രാമൻ രാവണനെ കൊന്നു (വ്യാപാരാശ്രയം)

2. **പ്രതിഗ്രാഹിക**– ഇത് കർമ്മത്തെ കുറിക്കുന്നു. എ എന്ന് പ്രത്യയം. ക്രിയയുടെ ഫലാശ്രയമാണ് കർമ്മം

   ഉദാ : രാമൻ രാവണനെ കൊന്നു

3. **സംയോജിക**–ഈ വിഭക്തിക്ക് ഓട് എന്ന് പ്രത്യയം. സാക്ഷികാരകം കർത്താവ് താൻ ചെയ്യുന്ന ക്രിയക്ക് സഹായിയോ പ്രതിയോഗിയോ ആയി വരുന്നതാണ് സാക്ഷി.

   ഉദാ : അമ്മ കുട്ടിയോട് കഥ പറഞ്ഞു.

4. **ഉദ്ദേശിക** – ഉദ്ദേശികക്ക് സ്വാമികാരകം, ക്ക്, ഉ്, എന്നിങ്ങനെ പ്രത്യയങ്ങൾ. കർത്താവ് താൻ ചെയ്യുന്ന ക്രിയ ആർക്ക് ഉപകരിക്കണമെന്ന് കരുതുന്നുവോ ആ ഉദ്ദിഷ്ടഫലത്തിന്റെ സ്വീകർത്താവാണ് സ്വാമി.

   ഉദാ : രാജാവ് ബ്രാഹ്മണമ് പശുവിനെ ദാനം കൊടുത്തു.

5. **പ്രയോജിക**–ആൽ പ്രത്യയം, ഹേതുകാരകം ഹേതുകരണ (ഉപകരണം) മായും കാരണമായും വരാം.

   ഉദാ : വടിയാൽ അടിച്ചു (കരണം)

   ഭാഗ്യത്താൽ ജയിച്ചു (കാരണം)

6. **സംബന്ധിക**–ഉടെ പ്രത്യയം – (കാരകമില്ല)

   ഉദാ : അവന്റെ പുസ്തകം

   അവളുടെ അമ്മ

7. **ആധാരിക**–ഇൽ, കൽ പ്രത്യയങ്ങൾ – അധികരണ കാരകം

ഉദാ : മരത്തിൽ കെട്ടുന്നു

**വിമർശനം :**

വിഭക്തികൾക്ക് അർത്ഥമനുസരിച്ച് പേര് നൽകാൻ എ.ആർ. അവതരിപ്പിക്കുന്ന യുക്തികൾ പലതും യുക്തി രഹിതങ്ങളായിരിക്കുന്നു. ഈ പ്രത്യയത്തിന് ഒന്നിലേറെ അർത്ഥങ്ങൾ ഭാഷയിലും വരാറുണ്ട്.

ഉദാ : കപ്പൽ യാത്രയായി (നിർദ്ദേശിക)

കപ്പൽ നിർമ്മിച്ചു (പ്രതിഗ്രാഹിക)

കപ്പൽ കയറി (ആധാരിക)

നിർദ്ദേശികയിലാണ് മൂന്നു വാക്യങ്ങളെങ്കിലും അർത്ഥം മറ്റ് വിഭക്തികളിലാണ്.

ഒരർത്ഥത്തെകാണിക്കാൻ ഒന്നിലേറെ പ്രത്യയങ്ങളും ഈ ഭാഷയിലുണ്ട്.

ഉദാ : ചുവരിൽ ചാരി നിൽക്കുന്നു. (ആധാരിക)

ചുവരിനോട് ചാരി നിൽക്കുന്നു (സംയോജിക)

ചുവരിന് ചാരി നിൽക്കുന്നു (ഉദ്ദേശിക)

മൂന്നു വിഭക്തികളിൽ പ്രയോഗിച്ചെങ്കിലും അർത്ഥത്തിൽ എല്ലാം ആധാരികയാണ്.

**സംബോധനാ വിഭക്തി**

മുൻചൊന്ന ഏഴ് വിഭക്തികൾ കൂടാതെ സംബോധന എന്നൊരു വിഭക്തി കൂടിയുണ്ടെന്ന് 61–ാം കാരികയിൽ പറയുന്നു. എന്നാൽ എട്ടാമത്തെ വിഭക്തിയായൊന്നും അതിനെ സ്വീകരിച്ചതായും കാണുന്നില്ല. ഇതിന് പ്രത്യയമോ കാരകബന്ധമോ ഇല്ല. നാമാന്തസ്വരത്തെ നീട്ടുകയോ 'ഏ'പ്രത്യയം ചേർക്കുകയോ ആണ് ഇതിന്റെ രീതി.

ഉദാ : രാമാ, രാമനേ, ദേവീ, ദേവിയേ .......................

സംസ്കൃതത്തിൽ പ്രഥമയുടെ വകഭേദമായാണ് സംബോധനയെ പരിഗണിക്കുന്നത്. ഗുണ്ടർട്ട് അഷ്ടമി വിഭക്തിയായും ഇതിനെ സ്വീകരിക്കുന്നു. ലീലാതിലകവും 8–ാം വിഭക്തിയായി വിളിയെ അംഗീകരിക്കുന്നുണ്ട്.

പ്രത്യയമോ കാരകബന്ധമോ ഇല്ലാത്ത സംബോധനയെ വിഭക്തിയായി പരിഗണിക്കേണ്ടതില്ലെന്നാണ് വിദഗ്ദാഭിപ്രായം. സംബോധനാരൂപങ്ങൾ വാക്യഘടനയ്ക്ക് പുറത്ത് നിൽക്കുന്നവയാണ്. മാത്രമല്ല, ഒരു പൂർണ വാക്യത്തിന്റെ അർത്ഥം ഉൾക്കൊള്ളുന്ന ചെറിയ ശബ്ദങ്ങളുമാണവ.

ഉദാ : കുട്ടീ, നീ ഇങ്ങോട്ട് വരൂ

ഇവിടെ കുട്ടി എന്നു വിളിച്ചാൽ തന്നെ ഇങ്ങോട്ട് വരു എന്ന അർത്ഥം ലഭിക്കുന്നുണ്ട്. വിഭക്തിയുമായി ബന്ധമില്ലാത്ത സംബോധനയെ വിഭക്തിയായി പരിഗണിക്കേണ്ടതില്ല.

**സംബന്ധിക :**

കേരളപാണിനീയം ആറാമത്തെ വിഭക്തിയായാണ് സംബന്ധികയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉടെ എന്ന് പ്രത്യയമുണ്ടെങ്കിലും ഇതിന് കാരകബന്ധമൊന്നുമില്ല. മറ്റെല്ലാ വിഭക്തികളും ക്രിയകളുമായി ബന്ധപ്പെടുത്തുമ്പോൾ സംബന്ധികയിൽ നാമത്തിന് നാമവുമായാണ് ബന്ധം.

ഉദാ : അവന്റെ പുസ്തകം

അവളുടെ അമ്മ

ക്രിയാബന്ധമില്ലാത്തതുകൊണ്ടാണ് കാരകബന്ധവുമില്ലാതായിരിക്കുന്നത്. മാത്രമല്ല നാമവും നാമവും തമ്മിലെ ബന്ധം സംബന്ധികയിൽ വിശേഷണവിശേഷ്യപ്പൊരുത്തത്തോടെയാണ്. ഇത്തരം വാക്യങ്ങളെ വിഭക്തിയായി പരിഗണിക്കേണ്ടതില്ലെന്നാണ് ഭാഷാശാസ്ത്രത്തിന്റെ നിരീക്ഷണം.

**കാരിക 62** : കരുതിത്താൻ പ്രയോഗിപ്പൂ പ്രതിഗ്രാഹിക

അചേതനങ്ങളായ നപുംസക നാമങ്ങലിൽ സ്വയമേ കർമ്മാർത്ഥ പ്രതീതിയുള്ളതിനാൽ അവയിൽ വീണ്ടും കർമ്മത്തെ കാണികകുന്ന പ്രതിഗ്രാഹിക പ്രത്യയം ചേർക്കേണ്ടതില്ലെന്ന് പറയുന്നു.

ഉദാ : വെള്ളം കുടിക്കുന്നു

പുസ്തകം വായിക്കുന്നു

സചേതനമാണെങ്കിൽ നിർബന്ധമായും പ്രത്യയം ചേർക്കേണ്ടതാണ്.

**മിശ്രവിഭക്തി** : ഗതി ചേർന്ന വിഭക്തികളാണ് മിശ്രവിഭക്തികൾ. വിഭക്തി പ്രത്യയങ്ങൾ കൊണ്ട് അർത്ഥപൂർത്തിവരാത്തിടങ്ങളിൽ അവയെ പരിഷ്ക്കരിക്കാൻ വേണ്ടി ചേർക്കുന്നവയാണ് ഗതികൾ.

ഉദാ : ഉപ്പ് തൊട്ട് കർപ്പൂരം വരെ

ഇവിടെ ഉപ്പിനെ തൊട്ട് എന്ന് കർമ്മാപേക്ഷയുള്ളതിനാൽ പ്രതിഗ്രാഹിക. കർപ്പൂരം വരെ എന്ന് നിർദ്ദേശിക. നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങളാണ് വിഭക്തി എന്ന് നിർവ്വചിച്ചശേഷം ഗതികളെ ചേർത്തുണ്ടാക്കുന്നരൂപങ്ങൾക്കും വിഭക്തി എന്ന പേര് നൽകുന്നത് യുക്തിയല്ല.

**സമാസവിഭക്തി** : നിമിത്തം, മൂലം എന്നീ സ്വതന്ത്രപദങ്ങളോട് നാമത്തെ സമാസിച്ചുണ്ടാക്കുന്നവയാണ് സമാസവിഭക്തികൾ.

ഉദാ : അവൻ നിമിത്തം

ഹേതു അർത്ഥം ലഭിക്കുന്നുണ്ടെങ്കിലും സ്വതന്ത്രപദങ്ങളോട് ചേർത്തുണ്ടാക്കുന്ന രൂപങ്ങളെയെല്ലാം വിഭക്തി എന്നു വിളിക്കുന്നത് വിഭക്തി നിർവ്വചനപ്രകാരം കുറ്റമറ്റതല്ല.

### വിഭക്ത്യാഭാസം

മറ്റു പദങ്ങളുമായുള്ള സംബന്ധത്തെക്കുറിക്കുന്നതിനുവേണ്ടി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങളാണ് വിഭക്തികൾ എന്നു നിർവ്വചിക്കുകയും സംസ്കൃതവിഭക്തികളുമായുള്ള വ്യത്യാസങ്ങൾ പരിഗണിച്ച് നിർദ്ദേശിക, പ്രതിഗ്രാഹിക എന്നിങ്ങനെ പേര് നൽകുകയും ഇവയ്ക്ക് യഥാക്രമം പ്രത്യയങ്ങളും കാരകബന്ധവും നിർദ്ദേശിക്കുകയും ചെയ്തതിന് ശേഷം വിലക്ഷണ വിഭക്തികളെക്കുറിച്ച് പറയുന്നു. വിലക്ഷണ വിഭക്തികളാണ് വിഭക്ത്യാഭാസങ്ങൾ. ഖിലം, ലുപ്തം, ഇരട്ടിപ്പ് എന്നിങ്ങനെ മൂന്നു വിധത്തിലാണ് വിഭക്ത്യാഭാസങ്ങൾ വരുന്നത്.

**ഖിലം** : ചില വിഭക്തിപ്രത്യയങ്ങൾ പ്രചാരത്തിലില്ല. ഉദാഹരണമായി ആധാരികയുടെ 'കൽ' പ്രത്യയം എന്ന് പൊതുവെ ഖിലമായിരിക്കുന്നു. പലേടങ്ങളിലും അത് സ്ഥലനാമങ്ങളോ മറ്റോ ആയി ചുരുങ്ങിയിരിക്കുന്നു.

ഉദാ : പടിക്കൽ, വാതുക്കൽ

**ലുപ്തം** : ചില വിഭക്തി പ്രത്യയങ്ങൾ ചില നാമങ്ങളിൽ ലോപിച്ചു പോവുന്നു. ദേശം, കാലം സമയം ദൂരം എന്നിവയെ കാണിക്കുന്ന നാമങ്ങളിൽ ആധാരികയുടെ 'ഇൽ' പ്രത്യയം ലോപിച്ചു പോവുന്നതായി കാണാം.

ഉദാ : കാലത്ത്, സമയത്ത്, ദൂരത്ത്, അരികത്ത്,

മഴയത്ത്, വെയിലത്ത്, കോട്ടയത്ത്

**ഇരട്ടിപ്പ്** : വിഭക്തിക്ക് മേൽ വിഭക്തി വരുന്നതാണ് വിഭക്ത്യാഭാസം. ആധാരികയ്ക്കുമേൽ പ്രതി ഗ്രാഹികയുടെ 'ഏ' വരുന്നു. കാട്ടിലെ തടി, കാറ്റത്തെ തോണി

ആധാരികയ്ക്ക് മേൽ ഉദ്ദേശിക വരുന്നതും ഇരട്ടിപ്പാണ്.

വെള്ളത്തിലേയ്ക്ക്, കരയിലേയ്ക്ക്

ആധാരികയ്ക്ക് മേൽ സംയോജികയുടെ 'ഓട്' ഇരട്ടിച്ചുവരുന്നതും കാണാം.

വെള്ളത്തിലേയ്ക്ക്, കാട്ടിലോട്ട്

ഏക്ക്, ഓട്ട് എന്നീ പ്രത്യയങ്ങൾ വിഭക്ത്യാഭാസമല്ലെന്നും ലക്ഷ്യ വിഭക്തി എന്ന് വിളിക്കാവുന്ന ഒരു സവിശേഷ വിഭക്തി രൂപമാണെന്നും ഡോ.കെ.എം.പ്രഭാകരവാരിയർ നിരീക്ഷിക്കുന്നുണ്ട്.

**കാരകങ്ങൾ**

(വിഭക്തി ചർച്ചയിൽ കാരകങ്ങളെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നു) നാമവും ക്രിയയും തമ്മിലെ യോജനയാണ് കാരകം എന്ന് നിർവ്വചിച്ചിരിക്കുന്നു. അഥവാ ഒരു നാമത്തിൽ മേൽ വിഭക്തി പ്രത്യയം ചേരുമ്പോൾ അതിനു കൈവരുന്ന സവിശേഷാർത്ഥം തന്നെയാണത്. ക്രിയയുമായി ബന്ധപ്പെടുമ്പോഴാണ് നാമത്തിന് ഈ അർത്ഥങ്ങൾ കൈവരുന്നത്. കർത്താവ്, കർമ്മം, സ്വാമി, സാക്ഷി എന്നിവയാണ് കാരകങ്ങൾ.

## അസമാനാധികരണ വിധി (വ്യധികരണ വിധി)

കാരകപ്രകരണത്തിലാണ് ഇത് ചർച്ച ചെയ്യുന്നത്. നാം എന്തിനെപ്പറ്റി പറയുന്നുവോ അത് ഉദ്ദേശ്യം. അതിനെന്ത് സംഭവിച്ചു എന്ന് പറയുന്നുവോ അത് വിധേയം. ഉദ്ദേശ്യവിധേയഭാവങ്ങൾ ഒരേ വിഭക്തിയിലായാൽ സമാനാധികരണവിധി

ഉദാ : കാക്ക കറുത്തതാകുന്നു.

എന്നാൽ ഉദ്ദേശ്യവിധേയഭാവങ്ങൾ രണ്ടു വിഭക്തിയിൽ വന്നാൽ അസമാനാധികരണവിധി

ഉദാ : കാക്കക്ക് കറുപ്പുണ്ട്.

ഇത്തരം വാക്യങ്ങളിലെ ഉദ്ദേശമായ കാരകം സ്വാമിയായിരിക്കുമെന്ന് പറയുന്നു.

കർത്താവ് ചെയ്യുന്ന ക്രിയയുടെ ഉദ്ദിഷ്ടഫലം ആരിൽ ചെന്നു ചേരുന്നുവോ അതിന്റെ സ്വീകർത്താവാണ് സ്വാമി എന്ന് നിർവ്വചിച്ചശേഷം 'ക്ക്' പ്രത്യയം ചേരുന്നതെല്ലാം സ്വാമികാരകമാണെന്ന് പറയുന്നത് യുക്തി സഹമല്ല.

**വിശിഷ്ടക്രിയ**

ഫലാനുകൂലമായ വ്യാപാരമാണ് ക്രിയ. വ്യാപാരാശ്രയം കർത്താവും ഫലാശ്രയം കർമ്മവുമാണ്. സാധാരണയായി ഒരു ക്രിയയ്ക്ക് ഒരു കർമ്മമാണുണ്ടാവുക. അപൂർവ്വം ചില ക്രിയകളുടെ പ്രവർത്തനഫലമായി രണ്ടു കർമ്മങ്ങൾ വരുന്നതായി കാണാം. കർമ്മത്താൽ വിശേഷിപ്പിക്കപ്പെടുന്ന ഇത്തരം ക്രിയകളാണ് വിശിഷ്ടക്രിയകൾ.

ഉദാ : പറക. എന്ത് എന്ന ചോദ്യത്തിനുത്തരമാ.യി ഇതിൽ വരുന്ന ആദ്യകർമ്മമാണ് കുറ്റം എന്നത്. കുറ്റം പറക എന്നത് ഒറ്റക്രിയയായെടുത്താൽ ആരെ എന്ന ചോദ്യത്തിനുത്തരമായി ഭാര്യയെ എന്ന രണ്ടാമതൊരു കർമ്മം കൂടി വരുന്നതായി കാണാം. 'ഭാര്യയെ കുറ്റം പറക' എന്ന വാക്യത്തിൽ രണ്ട് കർമ്മങ്ങൾ ഉണ്ടെന്നാണ് പറയുന്നത്.

**വിമർശനം** : കുറ്റം പറക എന്നത് മലയാളത്തിൽ ഒറ്റക്രിയയാണ്. അതുകൊണ്ടുതന്നെ ഭാര്യയെ എന്ന ഒരു കർമ്മം മാത്രമേ യഥാർത്ഥത്തിൽ ഈ വാക്യത്തിൽ വരുന്നുള്ളൂ.

**നിഗീർണകർതൃക ക്രിയ** : കർത്താവിനെയോ കർതൃവ്യാപാരത്തെയോ നിഗിരണം ചെയ്യുന്ന തരം ക്രിയകളാണ് നിഗീരണകർതൃകക്രിയകൾ.

ഉദാ : വേണ്‍, കിട്ടുക

എനിക്കൊരു ശിഷ്യനെ കിട്ടീട്ടുണ്ട്. ഇവിടെ ശിഷ്യനെ നേടാൻ കർത്താവായ ഞാൻ ഒന്നും ചെയ്തിട്ടില്ല. ശിഷ്യൻ സ്വയമേ വന്നുചേർന്നതാണ്. അതിനാൽ കർതൃവ്യാപാരം ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നു.

**തദ്ധിതങ്ങൾ**:നാമങ്ങളിൽ നിന്നോ, ഭേദകങ്ങളിൽ നിന്നോ നിഷ്പാദിപ്പിക്കുന്ന ശബ്ദങ്ങളാണ് തദ്ധിതങ്ങൾ

| | | | |
|---|---|---|---|
| ഉദാ : | ദശരഥന്റെ പുത്രൻ | – | ദാശരഥി |
| | ബുദ്ധിയുള്ളവൻ | – | ബുദ്ധിമാൻ |
| | വർഷത്തിൽ സംഭവിക്കുന്നത് | – | വാർഷികം |
| | പരിസ്ഥിതി സംബന്ധമായത് | – | പാരിസ്ഥിതികം |
| | നിമിഷത്തിൽ സംഭവിക്കുന്നത് | – | നൈമിഷികം |

സൗന്ദര്യവും സൗകര്യവുമാണ് തദ്ധിത സൃഷ്ടിക്ക് പിന്നിൽ പ്രവർത്തിക്കുന്നത്. വളച്ചുകെട്ടി പറയുന്നതിനുപകരം സുന്ദരമായി ചുരുക്കിപ്പറയുകയാണ് തദ്ധിതങ്ങൾക്ക് പിന്നിലുള്ളത്. മലയാളത്തിൽ 4 തദ്ധിതങ്ങളാണുള്ളത്.

**തന്മാത്രാ തദ്ധിതം**

അതുമാത്രം തന്മാത്രം. ഒട്ടേറെ ധർമ്മങ്ങളുള്ള ഒരു വസ്തുവിന്റെ ഗുണവിശേഷങ്ങളെല്ലാം ഒന്നായെടുത്ത് ഒരു പേരിട്ട് വിളിക്കുകയാണ് ചെയ്യുന്നത്.

ഉദാ : സൗന്ദര്യം, സൗന്ദര്യമുണ്ട് എന്നു പറയുമ്പോൾ പല ഗുണവിശേഷങ്ങലുടെയും ആകെത്തുകയാണ് ഉദ്ദേശിക്കുന്നത്.

**തന്മാത്രാ പ്രത്യയങ്ങൾ** : മ, ത്തം, തരം, തനം, എന്നിവയാണ് തന്മാത്രാ തദ്ധിതപ്രത്യയങ്ങൾ.

ഉദാ : പുതുമ, പഴമ, നേർമ, നന്മ, തിന്മ, വെണ്മ, നീലിമ, ശോണിമ, ഗരിമ, ഗരിമ,തെളിമ

മണ്ടത്തം, മറയത്തം, പൊണ്ണത്തം, കള്ളത്തരം, മുട്ടാളത്തരം, വേണ്ടാതീനം.

**തദ്വത്തദ്ധിതം** : അതുള്ളത്, അതിലുള്ളത്, അവിടെനിന്ന് വരുന്നത് എന്നെല്ലാമുള്ള അർത്ഥങ്ങളിൽ പ്രയോഗിക്കുന്നു.

ഉദാ : കൂനുള്ളവൻ – കൂനൻ

മിടുക്കുള്ളവൻ – മിടുക്കൻ

തെക്കൻ കാറ്റ്, വടക്കൻ ഭാഷ, പാലക്കാടൻ, കോഴിക്കോടൻ എന്നിങ്ങനെയെല്ലാം തദ്വത്തദ്ധിതങ്ങൾ വരുന്നു. ഇതിലെ അൻ, പുല്ലിംഗപ്രത്യയമാണെന്ന് പറയുന്നുണ്ട്. എന്നാൽ തെക്കൻ കാറ്റ്, വടക്കൻ ഭാഷ എന്നിവയിൽ അൻ പുല്ലിംഗപ്രത്യയം ആകുന്നതെങ്ങനെയാണ് ?

അതുപോലെ തേരാളുന്നവൻ – തേരാളിയും, വില്ലാളുന്നവൻ – വില്ലാളിയും ആണ്. ഇ എന്നത് സ്ത്രീപ്രത്യയമാണെങ്കിലും തേരാളി,വില്ലാളി എന്നിവ പുരുഷനെയാണ് കാണിക്കുന്നത്.

**നാമനിർമ്മായി തദ്ധിതം**: പേരെച്ചം, സംബന്ധികാവിഭക്തി, ആധാരികാഭാസം എന്നിവയിൽ അൻ, അൾ, തു പ്രത്യയം ചേർത്താണ് ഇതുണ്ടാക്കുന്നത്.

ഉദാ : കണ്ടവൻ, കണ്ടവൾ, എന്റേവൻ

**പൂരണി തദ്ധിതം** : സംഖ്യാവാചീ ശബ്ദങ്ങളിൽ 'അം' പ്രത്യയം ചേർത്താണ് ഇതുണ്ടാക്കുന്നത്.

ഉദാ : ഒന്ന് – ഒന്നാം

രണ്ട് – രണ്ടാം

ദേശം, കാലം, അളവ് എന്നിവയെ കാണിക്കാൻ ചുട്ടെഴുത്തുകൾക്കൊപ്പം ങ്ങ്, ന്ന്, ത്ര എന്നീ പ്രത്യയങ്ങളെ ചേർത്തും തദ്ധിതങ്ങൾ ഉണ്ടാക്കാറുണ്ട്.

ഉദാ : അങ്ങ്, അന്ന്, അത്ര

ഇങ്ങ്, ഇന്ന്, ഇത്ര

എങ്ങ്, എന്ന്. എത്ര

നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽ നിന്നും നിഷ്പാദിപ്പിക്കുന്ന ശബ്ദങ്ങൾ എന്ന് നിർവ്വചിച്ചെങ്കിലും പൂരണി തദ്ധിതത്തിന് നൽകിയ ഉദാഹരണം സാംഖ്യഭേദകത്തിന്റെതു തന്നെയാണ്.

# മൊഡ്യൂൾ – 4

# ക്രിയാ വിഭാഗം

**കാലം:** കാലം ഒരു ക്രിയനടക്കുന്ന സമയത്തെ കുറിക്കുന്നു. കഴിഞ്ഞതു ഭൂതം നടക്കുന്നത് വർത്തമാനം വരാനുള്ളത് ഭാവി ഇങ്ങനെ മൂന്നു കാലങ്ങൾ. ഇവയ്ക്ക് യഥാക്രമം ഇ, ഉന്നു, ഉം എന്നിങ്ങനെ പ്രത്യയങ്ങളുണ്ട്.

| | | | |
|---|---|---|---|
| ഉദാ : | എഴുതി | എഴുതുന്നു | എഴുതും |
| | ഓടി | ഓടുന്നു | ഓടും |
| | മിന്നി | മിന്നുന്നു | മിന്നും |

**ഭൂതകാലപ്രത്യയങ്ങൾ മലയാളത്തിൽ** .

മലയാളത്തിൽ ഭൂതകാല പ്രത്യയങ്ങൾ വ്യത്യസ്ത ധാതുക്കളിൽ വ്യത്യസ്തങ്ങളായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഭൂതകാല പ്രത്യയങ്ങൾ അവയുടെ ശബ്ദ പരിസരങ്ങളാൽ പ്രവചനീയമാണോ എന്ന അന്വേഷണമാണ് എ.ആർ. നടത്തുന്നത്.

1. ധാതുവ്യഞ്ജനാന്തമായാൽ പ്രത്യയം 'ഇ' ആയിരിക്കും

| | | | |
|---|---|---|---|
| ഉദാ : | കുറുക് | – | കുറുകി |
| | വിലസ് | – | വിലസി |

2. ധാതുവിനന്ത്യം സ്വരമോ ചില്ലോ ആയാൽ പ്രത്യയം 'തു' ആയിരിക്കും

| | | | |
|---|---|---|---|
| ഉദാ : | കൺ + തു | – | കണ്ടു |
| | കേൾ + തു | – | കേട്ടു |

3. കാരിത ധാതുക്കളിൽ 'തു' ഇരട്ടിച്ച് 'ത്തു' എന്നാവുന്നു.

| | | | |
|---|---|---|---|
| ഉദാ : | കൊടുക്കുക | – | കൊടുത്തു |
| | എടുക്കുക | – | എടുത്തു |

4. അകാരിത ധാതുക്കളിൽ പ്രത്യയത്തിനുമുമ്പ് 'ന'കാരം ആഗമിക്കും.

| | | | | | |
|---|---|---|---|---|---|
| ഉദാ : | ചേരുക | – | ചേർന്തു | – | ചേർന്നു |
| | ഇയലുക | – | ഇയന്തു | – | ഇയന്നു |

5. ഓഷ്ഠ്യാന്തമായ കാരിത ധാതുക്കളിലും 'ന'കാരാഗമം കാണുന്നു.

| | | | | | |
|---|---|---|---|---|---|
| ഉദാ : | കട | – | കടന്തു | – | കടന്നു |
| | നട | – | നടന്തു | – | നടന്നു |

6. ‘ഉ’കാരാന്ത അകാരിത ധാതുക്കൾക്കൊപ്പം ശുദ്ധമായ ‘തു’ ചേരും

ഉദാ : തൊഴു – തൊഴുതു

ഉഴു – ഉഴുതു

7. ‘ക’,‘റ’,‘ട’ ഇവയിലവസാനിക്കുന്ന ധാതുക്കൾക്കൊപ്പം ‘തു’പ്രത്യയം ചേരുകയും ക,റ,ട ഇവ ഇരട്ടിക്കുകയും ചെയ്യുന്നു.

ഉദാ : പുക് – പുക്കു

അറ് – അറ്റു

വിട് – വിട്ടു

8. ഭൂതകാലത്തിൽ ‘റ’ ചില്ലല്ല. റ കാരാന്ത ധാതുക്കൾക്കൊപ്പം ‘ഇ’ പ്രത്യയമാണ് വരുന്നത്.

ഉദാ : മാറ് – മാറി

അമറ് – അമറി

9. ഭൂതകാലത്തിൽ ‘യ’ ചില്ലായി പെരുമാറുന്നു.

ഉദാ : ചെയ് – ചെയ്തു

നെയ് – നെയ്തു

10. ര,ള ഇവ ചില്ലായും വ്യഞ്ജനമായും പെരുമാറുന്നു.

ഉദാ : ‘ര’ ചില്ല് – ചേര് –ചേർന്നു

‘ര’ വ്യഞ്ജനം– വാര് –വാർന്നു

‘ള’ ചില്ല് – ഉരുള് –ഉരുണ്ടു

‘ള’ വ്യഞ്ജനം– മൂള് –മൂളി

**വിമർശനം**

മലയാളത്തിലെ ഭൂതകാലപ്രത്യയങ്ങൾ ഒരു നിയമത്തിന്റെയും പരിധിയിൽ വരാതെ പ്രവചനാതീതമായി പ്രവർത്തിക്കുന്നതായി കാണാം കേരളപാണിനീയ നിയമങ്ങൾക്ക് ഒട്ടേറെ അപവാദങ്ങൾ ഭാഷയിൽ കാണുന്നുണ്ട്.

1. ധാത്വന്തം ചില്ലായാൽ ‘തു’ മാത്രമല്ല, ‘ഇ’യും വരുന്നു.

ഉദാ : എൺ – എണ്ണി

മിൻ – മിന്നി

2. കാരിത ധാതുക്കൾക്കൊപ്പം ഇരട്ടിച്ച തു മാത്രമല്ല ഇയും വരാം.

ഉദാ : മടക്കുക – മടക്കി

ഇറക്കുക – ഇറക്കി

3. ഓഷ്ഠ്യാന്ത ധാതുക്കളിലും വൈവിധ്യങ്ങളുണ്ട്

ഉദാ : വീഴ് – വീണു

താഴ് – താണു

4. 'യ'കാരത്തെ പ്രത്യയാടിസ്ഥാനത്തിൽ ചില്ലായി പരിഗണിച്ചത് ശരിയായില്ല

ഭൂതകാലപ്രത്യയങ്ങൾ വൈവിധ്യത്തോടെയാണ് ഭാഷയിൽ പ്രത്യക്ഷപ്പെടുന്നത്.

'ല' ന്തങ്ങളായ ധാതുക്കൾ രണ്ട് രീതിയിൽ വരുന്നുണ്ട്.

ഉദാ : ചൊല് – ചൊന്നു, ചൊല്ലി

കൊല് – കൊന്നു

'ഴ' ന്തങ്ങളായ ധാതുക്കളിലും വൈവിധ്യങ്ങളുണ്ട്.

ഉദാ : വീഴ് – വീണു

താഴ് – താണു

ആഴ് – ആഴ്ന്നു, ആണ്ടു

ഇത്തരം വൈവിധ്യങ്ങൾ ഉള്ളതുകൊണ്ടാവണം 101 കാരികയിൽ ആയി, പോയി, ചത്തു എന്നെല്ലാം വ്യത്യസ്തതകൾ ഉണ്ടെന്നു പറയുന്നത്. ഇപ്രകാരം പരിശോധിക്കുമ്പോൾ മലയാളത്തിലെ ഭൂതകാലപ്രത്യയങ്ങൾ ക്രിയാധാതുക്കളുടെ അടിസ്ഥാനത്തിലോ സമീപസ്വനങ്ങളുടെ സ്വാധീനത്തിലോ പ്രവചനീയമല്ല എന്നു മനസ്സിലാക്കാം.

**ഭാവിപ്രത്യയങ്ങൾ**

വരാനിരിക്കുന്നതാണ് ഭാവി. ഭാവി രണ്ടു തരത്തിലുണ്ട്. ശീലഭാവി, അവധാരകഭാവി എന്നിവയാണവ. പതിവ്, ശീലം എന്നിവകൊണ്ട് ഉറപ്പിക്കപ്പെട്ട ഭാവിയാണ് ശീലഭാവി. ഇതിന് 'ഉം' എന്നാണ് പ്രത്യയം.

ഉദാ : സൂര്യൻ കിഴക്ക് ഉദിക്കും. പടിഞ്ഞാറ് അസ്തമിക്കും. ഉപദേശാർത്ഥത്തിലും, അവധാരക്ഷമമായ കാര്യങ്ങൾ പറയുന്നിടത്തും ഭാവി സൂചന ഉള്ളതിനാൽ അതിനെ അവധാരകഭാവി എന്നു പറയുന്നു. ഇതിന്റെ പ്രത്യയം 'ഊ' എന്നാണ് ശീലഭാവിയുടെ അനുസ്വാരം ഉപേക്ഷിച്ച് 'ഉ' ദീർഘിപ്പിച്ചതാണ് ഈ പ്രത്യയം.

ഉദാ : രാമനേ രാവണനെ കൊല്ലൂ.

ആധുനികമലയാളത്തിൽ ഭാവിയെ കാണിക്കാൻ വർത്തമാനപ്രത്യയവും ഉപയോഗിക്കാറുണ്ട്.

ഉദാ : ഉടൻ തുറന്ന് പ്രവർത്തനമാരംഭിക്കുന്നു.

**വർത്തമാനകാലപ്രത്യയം**

മലയാളത്തിലെ വർത്തമാനകാലപ്രത്യയത്തിന്റെ നിഷ്പത്തിയെക്കുറിച്ച് ഭാഷാശാസ്ത്രകാരന്മാർ ഭിന്നാഭിപ്രായക്കാരാണ്. പ്രൊഫ.ഗ്രാൽ, കാൾഡ്വൽ, ആന്ദ്രനോവ് തുടങ്ങിയ ദ്രാവിഡഭാഷാ ശാസ്ത്രകാരന്മാർക്ക് ഈ വിഷയത്തിൽ വ്യത്യസ്ത നിരീക്ഷണങ്ങളാണുള്ളത്.

**ഗ്രാൽ** : പ്രൊഫ.ഗ്രാലിന്റെ അഭിപ്രായത്തിൽ തമിഴിൽ പാരമ്പര്യസ്വത്തായി വർത്തമാന പ്രത്യയം ഉണ്ടായിരുന്നില്ലെന്നും ഭാവിപ്രത്യയത്തിന്റെ പരിണാമമാണ് കിന്റു എന്ന വർത്തമാനപ്രത്യയം എന്നും കാണാം.

**ആന്ദ്രനോവ്** : ദ്രാവിഡഭാഷകളിൽ വർത്തമാനപ്രത്യയം ഉപയോഗിക്കുന്ന രീതി ഇല്ലെന്ന അഭിപ്രായമാണ് ആന്ദ്രനോവിനും ഉള്ളത്. 'കിൽ' എന്ന പ്രാചീന ഭാവി പ്രത്യയത്തിന്റെ പരിണിതരൂപമാണ് കിന്റ് എന്ന വർത്തമാനപ്രത്യയമെന്ന് ആന്ദ്രനോവ് പറയുന്നു.

**കാൾഡ്വൽ** : തമിഴ് മലയാളങ്ങളിലെ വർത്തമാന പ്രത്യയം ഒന്നുതന്നെയാണെന്ന അഭിപ്രായമാണ് കാൾഡ്വലിനുള്ളത്. തമിഴിൽ പോകിന്റാൻ, പോകിറാൻ എന്നിങ്ങനെ രണ്ടു വർത്തമാന രൂപങ്ങളുണ്ട്. ഇതിൽ പ്രാചീനം കിന്റു ആണെന്ന് അദ്ദേഹം പറയുന്നു. മലയാളത്തിലെ ഉന്നു കിന്റുവിൽ നിന്നുണ്ടായതാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

കിന്റു 'ക'കാരലോപത്താൽ ഇന്റു എന്നും അനുനാസികാതിപ്രസരത്താൽ ഇന്നു എന്നും സ്വരമാറ്റത്താൽ ഉന്നു എന്നും മാറി വരികയാണെന്ന് അദ്ദേഹം പറയുന്നു.

**രാജരാജവർമ്മ** : കാൾഡ്വലിനോട് വർത്തമാനകാലപ്രത്യത്തിന്റെ കാര്യത്തിൽ വിയോജിപ്പാണ് എ.ആറിനുള്ളത്. കാൾഡ്വലിന്റെ നിരീക്ഷണത്തിൽ നിന്നും വ്യത്യസ്തമായി സ്വന്തമായൊരു നിഷ്പത്തിക്കാണ് അദ്ദേഹം ശ്രമിക്കുന്നത് .

കാലത്തിന്റെ പോക്ക് എന്നർത്ഥമുള്ള തമിഴിലെ ഇറ എന്ന ധാതുവിൽ നിന്നാണ് അദ്ദേഹം ഉന്നുവിനെ നിഷ്പാദിപ്പിക്കുന്നത്. ഇറ അനുപ്രയോഗിച്ചാണ് തമിഴിൽ വരുകിറേൻ എന്ന പ്രയോഗം ഉണ്ടായത്. വര് + ക് + ഇറ + ഏൻ എന്നതിൽ ക് ഇടനില മാത്രമാണ്. ഇറ പിന്നീട് അനുനാസിക സംസർഗ്ഗത്താൽ ഇന്റ എന്നും അവധാരകഭാവി പ്രത്യയം ചേർന്ന് ഇന്റു എന്നും അനുനാസികാതിപ്രസരത്തിൽ ചേർന്നു എന്നും സ്വരമാറ്റത്താൽ ഉന്നു എന്നും മാറി വന്നതാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

എൽ.വി.രാമസ്വാമി അയ്യരുടെ അഭിപ്രായത്തിൽ മധ്യകാല തമിഴിലെ ഭൂതകാല പ്രത്യയമായ കിന്റ് എന്ന രൂപമാണ് ഉന്നു ആയി മാറിയതെന്ന് കാണുന്നു.

ഡോ.സി.എൽ.ആന്റണി പൂർവ്വതമിഴ് മലയാളകാലത്തുണ്ടായിരുന്ന 'ഉത്' എന്ന വർത്തമാന വിനയെച്ചത്തിൽ നിന്നാണ് ഉന്നുവിനെ നിഷ്പാദിപ്പിക്കുന്നത്.

**അനുനാസിക സംസർഗ്ഗവും ദ്വിത്വഖരാദേശനയവും**

അനുനാസിക സംസർഗ്ഗം : കാലപ്രത്യയങ്ങൾക്ക് സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്നിടയിൽ എ.ആർ.അവതരിപ്പിക്കുന്ന ഒരു പൊതുനിയമമാണിത്. അനുനാസികമില്ലാത്ത ഒരു പ്രകൃതിയിലോ പദത്തിലോ അനുനാസികത്തിന് സ്ഥാനം നൽകുന്നതാണ് അനുനാസികസംസർഗ്ഗം. ശബ്ദാന്തവ്യഞ്ജനത്തിൽ അനുനാസികം ചേരുമ്പോൾ അതിന്റെ അർത്ഥം മറ്റൊന്നിലേക്കും വ്യാപിക്കാതെ അതിൽ തന്നെ ലയിച്ചു ചേരുന്നു. സ്വാർത്ഥ വിശ്രാന്തി എന്നതുകൊണ്ട് ഇതാണ് ഉദ്ദേശിക്കുന്നത്. ഈ സവിശേഷത ഉള്ളതിനാൽ ഭേദകങ്ങളെയും കൃതികളെയും നാമമാക്കാൻ ഈ നയം ഉപയോഗിക്കുന്നു.

ഉദാഹരണമായി ഒരു എന്ന ഭേദകം അനുനാസിക സംസർഗ്ഗത്താൽ ഒന്റു എന്നും അനുനാസികാതിപ്രസരത്താൽ ഒന്ന് എന്ന് നാമമായും മാറുന്നു. കുറ് എന്ന ക്രിയ അനുനാസിക സംസർഗ്ഗത്താൽ കുന്റ് എന്നും അനുനാസികാതിപ്രസരത്താൽ കുന്ന് എന്ന് നാമമായും മാറുന്നു.

ഡോ.സി.എൽ.ആന്റണി കേരളപാണിനീയഭാഷ്യത്തിൽ ഈ നയത്തെ വിമർശിക്കുന്നുണ്ട്. അദ്ദേഹം ഒന്തു, കുന്ത് നയത്തെ എന്നിവയിൽ നിന്നാണ് ഒന്ന്, കുന്ന് എന്നീ നാമങ്ങളെ നിഷ്പാദിപ്പിക്കുന്നത്.

**ദ്വിത്വഖരാദേശനയം**

ശബ്ദാന്ത്യ അനുനാസികത്തിൽ ഖരാദേശം ചെയ്തിരട്ടിച്ചാൽ അതിന്റെ അർത്ഥം മറ്റൊന്നിലേക്ക് വ്യാപിപ്പിക്കാൻ കഴിയും. പരസംക്രാന്തി എന്നതുകൊണ്ട് ഇതാണുദ്ദേശിക്കുന്നത്. നാമങ്ങളിൽനിന്നു ഭേദകങ്ങളുണ്ടാക്കാനും, അകർമ്മകങ്ങളെ സകർമ്മകങ്ങളാക്കാനും ഈ നയം ഉപയോഗിക്കുന്നു.

ഉദാ : ചെമ്പ് – ചെപ്പുക്കുടം

ആണ്ട് – ആട്ടപ്പിറന്നാൾ

അകർമ്മകം സകർമ്മകമാകുന്നതിന്

ഉദാ : പൊങ്ങുക – പൊക്കുക

കാണുക – കാട്ടുക എന്നിവയും ഉദാഹരിച്ചിരിക്കുന്നു.

ഈ നയവും കുറ്റമറ്റതല്ലെന്ന് സി,എൽ,ആന്റണി അഭിപ്രായപ്പെടുന്നുണ്ട്. ഇവിടെ ഖരാദേശവും ഇരട്ടിപ്പും ഒരുമിച്ച് സംഭവിക്കുന്നില്ല എന്നാണ് അദ്ദേഹം പറയുന്നത്. ഖരാദേശം മാത്രമേയുള്ളൂ ഇരട്ടിപ്പ് സ്വാഭാവികമായുള്ളതാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

**പൂർണക്രിയാനിഷ്പാദനത്തിൽ തമിഴ് മലയാളങ്ങൾ തമ്മിലുള്ള വ്യത്യാസം**

കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ ചർച്ച ചെയ്യുന്നിടത്ത് 105, 106 കാരികകളിലാണ് എ.ആർ. ഈ കാര്യം വിശദമാക്കുന്നത്.

തമിഴിൽ ക്രിയാധാതുവിൻമേൽ കാലപ്രത്യയം ചേർന്നാൽ വിനയെച്ചവും അതിൻമേൽ പുരുഷപ്രത്യയം ചേർന്നാൽ പൂർണ്ണക്രിയയും ലഭിക്കും.

ഉദാ : വന് + തു + ആൻ – വന്നാൻ

മലയാളം അതിന്റെ വികാസദശയിൽ ഈ രീതി ഉപേക്ഷിക്കുകയാണുണ്ടായത്. ക്രിയകൾക്ക് മേൽ പുരുഷപ്രത്യയം ചേർക്കുന്നത് അനാവശ്യമാണെന്നു കരുതി മലയാളം അതിനെ നിരസിക്കുകയാണുണ്ടായത്. മലയാളത്തിൽ പൂർണക്രിയാ നിഷ്പാദനം മറ്റൊരുതരത്തിലാണ്. ഉകാരാന്ത ഭൂതകാലങ്ങളിൽ വിനയെച്ചത്തെ ഉറപ്പിച്ച് ഉച്ചരിക്കുകയാണ് പൂർണക്രിയ ഉണ്ടാക്കാനുള്ള സമ്പ്രദായം. സംവൃതമായാൽ വിനയെച്ചവും തുറന്നുച്ചരിച്ചാൽ പൂർണക്രിയയുമാണ്.

ഉദാ : വന്ന്, കണ്ട് – വിനയെച്ചം

വന്നു, കണ്ടു – പൂർണക്രിയ

ഭൂതപ്രത്യയം ഇ ആണെങ്കിൽ പരമായി വരുന്ന ആദ്യ വ്യഞ്ജനത്തെ ഇരട്ടിപ്പിച്ച് വിനയെച്ചവും, പദാന്ത്യ ഇ കാരത്തെ ദീർഘിപ്പിച്ച് പൂർണക്രിയയും ആക്കാം.

ഉദാ : <u>പോയി</u>ക്കണ്ടു – വിനയെച്ചം

കണ്ടു <u>പോയി</u> – പൂർണക്രിയ

ഇ കാരത്തിന്റെ ദീർഘീകരണം എഴുത്തിൽ കാണിക്കേണ്ടതില്ല. ഉച്ചാരണത്തിൽ മാത്രമേ യുള്ളു.

**പ്രകാരങ്ങൾ**

ഒരു ധാതു തന്റെ അർത്ഥത്തെ ഏത് മട്ടിൽ വെളിപ്പെടുത്തുന്നുവോ അതാണ് പ്രകാരം. പ്രകാരം എന്നാൽ മട്ട് എന്നാണർത്ഥം. അവൻ പോകട്ടെ, സത്യം പറയണം, നിനക്ക് പോകാം എന്നീ വാക്യങ്ങളിൽ ക്രിയാർത്ഥം കൂടാതെ, നിയോഗം, ശാസന, അനുമതി എന്നീ അർത്ഥങ്ങൾ കൂടി ലഭിക്കുന്നുണ്ട്. ഇത് തന്നെയാണ് പ്രകാരങ്ങൾ.

മലയാളത്തിൽ നാല് പ്രകാരങ്ങളാണുള്ളതെന്ന് കേരളപാണിനി പറയുന്നു. നിർദ്ദേശകം, നിയോജകം, വിധായകം, അനുജ്ഞായകം എന്നിവയാണവ. ഇതിൽ നിർദേശകപ്രകാരത്തിന് പ്രത്യേകം പ്രത്യയങ്ങളില്ല. കാലരൂപങ്ങൾ തന്നെയാണത്.

ഉദാ : കളിച്ചു, കളിക്കുന്നു, കളിക്കും

നിയോജകപ്രകാരത്തിന് അട്ടെ എന്ന് പ്രത്യയമുണ്ട്. നിയോഗാർത്ഥത്തെയാണിത് കാണിക്കുന്നത്.

ഉദാ : പറയട്ടെ, കളിക്കട്ടെ, പോകട്ടെ

വിധി അഥവാ ശാസനാർത്ഥത്തെ കുറിക്കുന്നതാണ് വിധായകപ്രകാരം. ഇതിന്റെ പ്രത്യയം 'അണം' എന്നാണ്.

ഉദാ : പറയണം, കളിക്കണം, പോകണം

അനുജ്ഞ അഥവാ അനുമതി അർത്ഥത്തെ കാണിക്കുന്നതാണ് അനുജ്ഞായകപ്രകാരം. ഇതിന് ആം എന്നാണ് പ്രത്യയം.

ഉദാ : പറയാം, കളിക്കാം, പോകാം

പ്രകാരപ്രത്യയങ്ങളെല്ലാം ചില ഭാവിരൂപങ്ങൾ പരിണമിച്ചുണ്ടായതാണെന്ന് പറയുന്നുണ്ട്.

നിയോജകപ്രത്യയമായ 'അട്ടെ'; ഒട്ടുക എന്നതിന്റെ ശീലഭാവിരൂപമായ 'ഒട്ടും' എന്നതിൽ നിന്നാണ് നിഷ്പാദിപ്പിക്കുന്നത്. ചെയ്യൊട്ടും എന്നരൂപം തമിഴിലുണ്ട്. ഇതോടൊപ്പം 'ഏ'എന്ന നിപാതം ചേർന്ന് ചെയ്യൊട്ടുമേ > ചെയ്യട്ടെ എന്നിങ്ങനെ മാറുകയാണുണ്ടായത്.

വേണ്ടുന്ന എന്നതിന്റെ ശീലഭാവി രൂപമായ വേണ്ടും എന്നതിൽ നിന്നാണ് അണം എന്ന പ്രത്യയത്തെ നിഷ്പാദിപ്പിക്കുന്നത്. വേണ്ടും 'ട'കാരം ലോപിച്ച് വേണും 'ഉ'കാരം ലോപിച്ച് വേണം 'വ'കാരം ലോപിച്ച് ഏണം ഹ്രസ്വമായി എണം അണം എന്നിങ്ങനെ മാറുകയാണ്.

ആം പ്രത്യയം, ആകുന്ന എന്നതിന്റെ ശീലഭാവിയായ 'ആകും' എന്നതിൽ നിന്നാണ് നിഷ്പാദിപ്പിക്കുന്നത്. 'കു' ലോപിച്ച് 'ആം' എന്നാവുകയാണുണ്ടായത്.

**വിമർശനം:**

ഒരു ധാതു തന്റെ അർത്ഥത്തെ ഏത് മട്ടിൽ വെളിപ്പെടുത്തുന്നതും പ്രകാരമാണെന്ന് നിർവ്വചിക്കുന്നതിൽ അപാകതയുണ്ട്. ധാതുവിന്റെ ഒരു തരത്തിലുള്ള വെളിപ്പെടലാണ് കാലം. നിർവ്വചനപ്രകാരം കാലവും പ്രകാരവും തമ്മിൽ വ്യത്യാസമില്ലാതാവും. നിർദ്ദേശകപ്രകാരം കാലരൂപ

ങ്ങൾ തന്നെ എന്നു പറഞ്ഞതും ശരിയായില്ല. വർത്തമാനഭൂത ഭാവി കാലങ്ങളെപ്രകാരം എന്നു വിളിക്കുന്നത് യുക്തിയല്ല.

അട്ടെ, അണം, ആം പ്രത്യയങ്ങൾക്ക് യഥാക്രമം നിയോഗം, വിധി, അനുമതി അർത്ഥങ്ങളെ മാത്രമേ കാണിക്കാൻ കഴിയൂ എന്നു പറയുന്നതിലും അയുക്തിയുണ്ട്.

ഉദാ : ഞാൻ പോകട്ടെ

അവൻ വരട്ടെ

നശിക്കട്ടെ

നന്നാവട്ടെ എന്നീ വാക്യങ്ങൾക്ക് നിയോഗാർത്ഥമല്ല ഉള്ളത്. അതുപോലെ

എനിക്ക് പോകണം

എഴുതിത്തരണം

നന്നായി വരണം

എന്നിവയിലൊന്നും ശാസനാർത്ഥവുമല്ല കാണുന്നത്.

നമുക്ക് പോകാം

കണ്ടറിയാം

വന്നേക്കാം എന്നിവയിൽ അനുമതി അർത്ഥത്തിന്റെ സൂചനപോലുമില്ല. ഇക്കാര്യം ഗുണ്ടർട്ടിനെപ്പോലുള്ളവർ നേരത്തെ വ്യക്തമാക്കിയതാണ്.

പ്രകാരങ്ങൾ യഥാർത്ഥത്തിൽ ഒരു വ്യാകരണ കാര്യമല്ല. ഭാഷയിൽ മാനസികഭാവങ്ങളെ അവതരിപ്പിക്കാനുള്ള ഒരു രീതി മാത്രമാണ്. ആശയവിനിമയത്തിന് അനേകം ഘടകങ്ങളുണ്ട്. ആംഗ്യചലനങ്ങൾ, ഈണം, ഊന്നൽ വ്യതിയാനങ്ങൾ എന്നിവയ്ക്ക് അർത്ഥവിനിമയത്തിൽ പ്രധാന പങ്കാണുള്ളത്. ഇതൊന്നും പരിഗണിക്കാതെ ചില പ്രത്യയങ്ങളിലൂടെയാണ് അർത്ഥവിനിമയം സാധിക്കുന്നത് എന്ന് വ്യക്തമാക്കുന്നിടത്താണ് പ്രകാരചർച്ചയുടെ ന്യൂനത നിലനിൽക്കുന്നത്.

**നാമധാതുക്കൾ**

സ്വതവേയുള്ള ധാതുക്കൾ കൂടാതെ നാമങ്ങളിൽ നിന്നും മറ്റും ധാതുക്കളെ ഉണ്ടാക്കാറുണ്ട്. ക്രിയാധാതുവായി നാമം വരുമ്പോഴാണ് നാമധാതു.

ഉദാ : കല്ല് – കല്ലിക്കുന്നു

തുരുമ്പ് – തുരുമ്പിക്കുന്നു

ഒന്ന് – ഒന്നിക്കുന്നു

നാമധാതുക്കളെ ഉണ്ടാക്കുന്നതിനായി ചില പ്രത്യയങ്ങളെ നിർദ്ദേശിച്ചിട്ടുണ്ട്.

1. ഇ പ്രത്യയ യോഗം

ഉദാ : ഒന്ന് – ഒന്നിക്കുന്നു

കല്ല് – കല്ലിക്കുന്നു

2. കാരിതീകരണം – സ്വരാന്തനാമങ്ങളെ ധാതുവാക്കാൻ 'ക്ക്' പ്രത്യയം ചേർത്താൽമതി.

| | | |
|---|---|---|
| ഉദാ : മറ | – | മറക്കുന്നു |
| നര | – | നരക്കുന്നു |
| തടി | – | തടിക്കുന്നു |

3. അപൂർവ്വം ചില നാമങ്ങൾ പ്രത്യയമൊന്നും ചേരാതെയും ധാതുവാകും

| | | |
|---|---|---|
| ഉദാ : കരി | – | കരിയുന്നു |
| പുക | – | പുകയുന്നു |
| പൊലി | – | പൊലിയുന്നു |

4. ചില നാമങ്ങളെ 'പെടുക'യോട് സമാസിപ്പിച്ചും ധാതുവാക്കാം.

ഉദാ: സുഖം – സുഖപ്പെടുക

ഭയം – ഭയപ്പെടുക

കടം – കടപ്പെടുക

5. സംസ്കൃതത്തിൽ നിന്നും ധാതുക്കളെ സ്വീകരിക്കുമ്പോൾ സംസ്കൃത പ്രസിദ്ധമായ ഗുണം ചെയ്താൽ മതി.

ഇ എ ആയും ഉ, ഒ ആയും, ഋ, അര് ആയും മാറുന്നതാണ് ഗുണം ചെയ്യൽ

ഉദാ: വിദ് – വേദിക്കുന്നു

ഹൃ – ഹരിക്കന്നു

ദൃശ് – ദർശിക്കുന്നു

**നിഷേധം**

വിധിനിഷേധങ്ങളെ കാണിക്കാൻ എല്ലാഭാഷകൾക്കും അവയുടെതായ സമ്പ്രദായങ്ങളുണ്ട്. കാൾഡ്വൽ, നെഗറ്റീവ് വോയ്സ് എന്നും ഗുണ്ടർട്ട് മറവിന എന്നും നിഷേധത്തിന് പേര് നൽകി സംസ്കൃതമടക്കമുള്ള ഇന്റോ–യൂറോപ്പ്യൻ ഭാഷകളിൽ നിഷേധത്തിന് വ്യവസ്ഥയില്ല. പ്രത്യയങ്ങളും സ്വതന്ത്രപദങ്ങളും വരെ നിഷേധത്തെ കുറിക്കാൻ അവർ ഉപയോഗിക്കാറുണ്ട്. ദ്രാവിഡ ഭാഷകളിൽ നിഷേധത്തെ കാണിക്കാൻ പ്രത്യേകം പ്രത്യയങ്ങൾ തന്നെയുണ്ട് എന്ന അഭിപ്രായമാണ് കാൾഡ്വലിനുള്ളത്.

മലയാളത്തിൽ **അ** പ്രത്യയം ചേർത്താണ് നിഷേധമുണ്ടാക്കുന്നതെന്ന് എ.ആർ പറയുന്നു. **അ** പ്രത്യയം എല്ലാ ധാതുക്കളോടും ചേരാത്തതിനാൽ അല്ല. ഇല്ല ഇവ അനുപ്രയോഗിച്ചും നിഷേധാർതഥത്തെ ഉണ്ടാക്കാറുണ്ട്. ആധുനിക മലയാളത്തിലേയും പ്രാചീന മലയാളത്തിലേയും നിഷേധരൂപങ്ങൾ ഈ പ്രത്യേകത പ്രകടിപ്പിക്കുന്നു.

| **കാലം** | | | | **പ്രാ.മലയാളം** | | **ആ. മലയാളം** |
|---|---|---|---|---|---|---|
| വർത്തമാനം | – | ചെയ്യുന്നു | – | ചെയ്യായുന്നു | – | ചെയ്യുന്നില്ല |
| ഭൂതം | – | ചെയ്തു | – | ചെയ്യാഞ്ഞു | – | ചെയ്തില്ല |
| ഭാവി | – | ചെയ്യും | – | ചെയ്യാ | – | ചെയ്യില്ല |

ആ എന്ന നിഷേധ പ്രത്യയത്തിന്റെ ആഗമനത്തെ കുറിച്ചും വിശദമായി ചർച്ചചെയ്യുന്നുണ്ട്. പ്രകടമായി 'ആ' കാണാനില്ലെങ്കിലും എല്ലാ നിഷേധ രൂപങ്ങളിലും 'ആ' യുടെ അംശമുണ്ടെന്ന് അദ്ദേഹം പറയുന്നുണ്ട്.

ചെയ് + ആ + ഉന്നു – ചെയ്യായുന്നു

ചെയ് + ആ + തു – ചെയ്യാഞ്ഞു

ചെയ് + ആ – ചെയ്യാ

ഇവയിലെല്ലാം പൊതുവായി വരുന്നത് 'ആ' പ്രത്യയമാണ്. അല്ല, ഇല്ല എന്നിവയിൽ 'അ' ഹ്രസ്വ മാണല്ലോ എന്നാണെങ്കിൽ ഇല്ലായ്മ, വല്ലായ്മ എന്നിവയിൽ ദീർഘമായിതന്നെ വരുന്നുണ്ടെന്നും പറയുന്നു. **ആ** എന്നത് അനുപ്രയോഗ ധാതുവോ ഇടനിലയോ അല്ല മറിച്ച് പ്രത്യയം തന്നെയാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നുണ്ട്.

പ്രാചീന മലയാളത്തിലെ ചില നിഷേധ രൂപങ്ങൾ മാത്രമേ ഇന്നത്തെ ഭാഷയിലുള്ളൂ. ചെയ്യാഞ്ഞു, ചെയ്യായുന്നു പോലുള്ള രൂപങ്ങൾ ഇന്നത്തെ ഭാഷയിലില്ല. അല്ല, ഇല്ല, അരുത്, കൂടാ, ഒലാ എന്നിങ്ങനെ അനുപ്രയോഗിച്ചാണ് ഇന്ന് ഭാഷയിൽ നിഷേധരൂപങ്ങൾ ഉണ്ടാക്കുന്നത്.

## കൃത്തുക്കൾ

ക്രിയകളെ അവയുടെ പൂർത്തീകരണമനുസരിച്ച് സിദ്ധക്രിട എന്നും സാധ്യക്രിയ എന്നും രണ്ടായി തിരിക്കാം. ക്രിയാപൂർത്തീ വന്നിട്ടില്ലാത്ത എന്നാൽ പൂർണത സാധ്യതയുള്ള ക്രിയ യാണ് സാധ്യക്രിയ. ക്രിയാ പൂർത്തീ വന്നതാണ് സിദ്ധക്രിയ. സിദ്ധിച്ച ക്രിയ എന്ന് അർത്ഥം. ഉദാഹരണമായി കുതിരയോടി എന്ന് പറയുമ്പോൾ ഓടി എന്ന ക്രിയ ഭൂതകാലത്തിലേതെങ്കിലും ഓടിത്തുടങ്ങുമ്പോൾതന്നെ പ്രയോഗിക്കുന്നതിൽ തെറ്റില്ല. ക്രിയാ പൂർത്തി വന്നില്ലെങ്കിലും പൂർണത സ്വാഭാവികമാണെന്ന ബോധം ഈ ക്രിയ ജനിപ്പിക്കുന്നു. ഓടി എന്ന ക്രിയ സാധ്യ ക്രിയയ്ക്ക് ഉദാഹരണമാണ്.

എന്നാൽ **കുതിരയുടെ ഓട്ടം കണ്ടു** എന്ന വാക്യത്തിൽ ഓടിക്കഴിഞ്ഞതിനുശേഷമാണ് ഓട്ടം പ്രയോഗക്ഷമമാവുന്നത്. അഥവാ ക്രിയാ പൂർത്തി സിദ്ധിച്ച ക്രിയയാണിത്. ഇത്തരം ക്രിയകളെ സിദ്ധക്രിയകൾ എന്നു പറയുന്നു. സിദ്ധക്രിയ യഥാർത്ഥത്തിൽ ക്രിയയല്ല. വ്യാപാരം അവസാനിച്ചു കഴിഞ്ഞതിനാൽ അതിനെ ക്രിയയെന്നു വിളിക്കനാവില്ല. ഇങ്ങനെ പരിശോധിച്ചാൽ ഓടുക എന്ന ക്രിയയുടെ നാമമാണ് ഓട്ടം എന്നു പറയാം. ഇപ്രകാരം ക്രിയകളിൽ നിന്നുണ്ടാ ക്കുന്ന ക്രിയാനാമങ്ങളാണ് ഓട്ടം, ചാട്ടം മുതലായവ. ഇവയുടെ പേരാണ് കൃത്തുക്കൾ. കൃത്തു ക്കൾ പ്രധാനമായും രണ്ടു വിധത്തിലാണ്. കൃതി കൃത്തുക്കൾ, കാരക കൃത്തുക്കൾ എന്നിവയാണവ.

## കൃതി കൃത്തുക്കൾ

ഇത് കേവലമായ ക്രിയാരൂപത്തെ കാണിക്കുന്നു. ഇതാണ് യഥാർത്ഥ ക്രിയാനാമം. കൃതി കൃത്തുക്കളുണ്ടാക്കാനുള്ള ഇരുപതോളം പ്രത്യയങ്ങളെ എ. ആർ. വേർതിരിക്കന്നുണ്ട്. ഈ ഇരു പത് പ്രത്യയങ്ങളെ സാഹചര്യമനുസിരിച്ച് നിലവാരപ്പെടുത്താൻ കഴിയില്ലെന്നും ചേർച്ചയനുസരിച്ച് ധാതുക്കൾക്കൊപ്പം ചേർക്കുകയാണ് ചെയ്യാറുള്ളതെന്നും പറയുന്നുണ്ട്.

അൽ – തുപ്പൽ, ചെയ്യൽ, കാണൽ, വിടരൽ

തൽ – കെടുതൽ, മറിച്ചൽ, വിടുതൽ

| | | |
|---|---|---|
| പ്പ് | – | തേപ്പ്, കിടപ്പ്, തീർപ്പ് |
| വ് | – | കനിവ്, അറിവ്, നോവ്, നിനവ് |
| ച | – | താഴ്ച, വീഴ്ച, ചേർച്ച |
| തി | – | അറുതി, വറുതി, കെടുതി |
| ത്തു | – | നെയ്ത്ത്, കൊയ്ത്ത്, പെയ്ത്ത് |
| ത്തം | – | പഠിത്തം, പിടിത്തം, തെളിച്ചം, വെളിച്ചം |
| അ | – | നില, കൊല, നട |
| ഇ | – | വേളി, തോൽവി, കേളി, കളി, ചിരി |
| അം | – | ഓട്ടം, ചാട്ടം, ഉറക്കം, അനക്കം, ആട്ടം |
| മ | – | ഓർമ, താഴ്മ, നേർമ, ഗരിമ |
| വി | – | മറവി, പിറവി, തോൽവി |
| ഇൽ | – | വെയിൽ, തുയിൽ |
| പടി | – | നടപടി |
| തല | – | മറുതല, തറുതല |
| മാനം | – | തേയ്മാനം, വരുമാനം, തീരുമാനം |
| ടു | – | ചുമട് |
| മ്പ് | – | കെടുമ്പ്, കുറുമ്പ് |
| വാരം | – | തങ്ങാരം |

എ. ആറിനു മുമ്പ് വ്യാകരണം രചിച്ച പലരും കൃതി കൃത്തുക്കളെ പ്രധാന വിഭാഗമാക്കി പരിഗണിച്ചിട്ടുണ്ട്. ഗുണ്ടർട്ട് ഇരുപത്തിമൂന്നോളം പ്രത്യയങ്ങൾ നിർദ്ദേശിക്കുന്നുണ്ട്.

ഇരുപത് പ്രത്യയങ്ങളെ വിധിച്ചതിന് ശേഷം അവയ്ക്കുണ്ടാവുന്ന വൈവിധ്യങ്ങളെക്കുറിച്ചും വിശദമാക്കുന്നു. ഏത് ധാതുവിനൊപ്പവും 'ആ' ചേർത്ത നിഷേധമുണ്ടാക്കിയാൽ അവയ്ക്കൊപ്പം **മ** ചേർത്ത് കൃതി കൃത്തുക്കളുണ്ടാക്കാം.

ഉദാ: ഇല്ലായ്മ, വേണ്ടായ്മ, വല്ലായ്മ, പോരായ്മ. അൽ പ്രത്യയം മിക്ക ധാതുക്കൾക്കൊപ്പവും വരും.

ഉദാ: തോന്നൽ, തുപ്പൽ, തട്ടൽ,മുട്ടൽ, പൊക്കൽ.

കാരിത ക്രിയകൾക്കൊപ്പം **പ്പ്** പ്രത്യയമാണ് ചേരുക.

ഉദാ: ഇരിപ്പ്, , നടപ്പ്, നിൽപ്പ്, വിരിപ്പ്.

ര, ല, ള, ഴ ഇവയ്ക്കൊപ്പം **ച** ആണ് വരുന്നത്.

ഉദാ: കവർച്ച, അകൽച്ച, ഉരുൾച്ച, വീഴ്ച.

'ങ' കാരാന്തത്തോടൊപ്പം ക്ക്, അം എന്നിവ വരും.

ഉദാ: പിണക്കം, ഇണക്കം, വണക്കം.

സൂക്ഷ്മപരിശോധനയിൽ ഒരു പ്രത്യേക ധാതുവിൽ തന്നെ പല പ്രത്യയങ്ങൾ വരുന്നതും പ്രത്യയങ്ങൾക്കനുസരിച്ച് അർത്ഥവ്യത്യാസം വരുന്നതുമായ കൃതികൃത്തുക്കൾ കാണുന്നുണ്ട്.

ഉദാ: തീര് – തീർപ്പ്, തീർച്ച, തീരുമാനം

ഉദാ: പകര് – പകർച്ച, പകർപ്പ്, പകരം

ഉദാ: വേൾ – വേളി, വേഴ്ച.

**കാരകകൃത്തുക്കൾ**

കൃത്തുക്കളുടെ രണ്ടാമത്തെ വിഭാഗമാണ് കാരകകൃത്തുക്കൾ. ഇവ ക്രിയയെ അപ്രധാനവും വിശേഷണങ്ങളും ആക്കി മാറ്റുന്നു. അ, ഇ എന്നിവയാണിതിന്റെ പ്രത്യയങ്ങൾ.

| | | | | | | |
|---|---|---|---|---|---|---|
| ഉദാ: | നുണ | – | നുണയ | – | നുണയൻ |
| | ചതി | – | ചതിയ | – | ചതിയൻ |

**കർമ്മണി പ്രയോഗം**

കേരള പാണിനീയത്തിൽ മലയാളത്തിലെ കർമ്മണി പ്രയോഗങ്ങളെക്കുറിച്ച് വിശദമാക്കുന്നുണ്ട്. ഭാഷയ്ക്ക് സ്വന്തമായി കർമ്മണിപ്രയാഗമില്ലെന്നും ഇപ്പോൾ ഇപയാഗിച്ചുവരുന്നത് സംസ്കൃത തർജ്ജജമയ്ക്കുവേണ്ടി കൃത്രിമമായി എർപ്പെടുത്തിയ സമ്പ്രദായമാണെന്നും പറയുന്നു. സംസ്കൃതത്തെ അനുകരിച്ചാണ് ഭാഷയിൽ കർമ്മണി പ്രയോഗങ്ങൾ രൂപംകൊണ്ടത് എന്നാണ് എ. ആറിന്റെ നിരീക്ഷണം.

ദ്രാവിഡ ഭാഷകളിൽ കർമ്മണി പ്രയാഗമില്ല എന്ന അഭിപ്രായമാണ് കാൾഡ്വലിനുള്ളത്. ഇന്ന് ക്രിയക്കൊപ്പം **പെടുക** എന്ന് സമാസിപ്പിച്ചാണ് കർമ്മണി പ്രയോഗം ഉണ്ടാക്കുന്നത്. എങ്കിലും 'പശു പുല്ല് തിന്നുന്നു' എന്നല്ലാതെ 'പുല്ല് പശുവിനാൽ തിന്നപ്പെടുന്നു' എന്ന മട്ടിലുള്ള പ്രയോഗങ്ങൾ ഭാഷയ്ക്ക് സ്വീകാര്യമല്ല.

ദ്രാവിഡത്തിൽ കർമ്മണി പ്രയോഗമില്ലെന്നാണ് കാൾഡ്വൽ പറയുന്നതെങ്കിലും പ്രാചീന തമിഴിൽ **'എന്നാൽ ഉടൈന്തു'** എന്ന പ്രയോഗം കർമ്മണിയാണ്. 'എന്നാൽ ഉടയപ്പെട്ടു' എന്നാണ് ഇതിനർത്ഥം.

ക്രിയക്കൊപ്പം 'പെടുകയെ' സമാസിപ്പിച്ചാണ് ഇന്ന് കർമ്മണി പ്രയോഗം ഉണ്ടാക്കുന്നത്. കർത്തരിയേക്കാൾ കർമ്മണിയാണ് നല്ലത് എന്ന തോന്നലും ഇതിനു പിന്നിലുണ്ട്. പത്രഭാഷയിലും സർക്കാർ രേഖകളിലും അനാവശ്യമായ കർമ്മണി പ്രയോഗങ്ങൾ കാണാറുണ്ട്. ഇംഗ്ലീഷുമായുള്ള ബന്ധമാണ് ഇന്ന് കർമ്മണി പ്രയോഗങ്ങൾക്ക് പ്രധാന കാരണം. ഉചിതമായി പ്രയോഗിച്ചാൽ കർമ്മണിപ്രയോഗവും ഭാഷയ്ക്ക് സൗന്ദര്യം നല്കുമെന്ന അഭിപ്രായം എ. ആറിനുണ്ട്. **'വിമാനപകടത്തിൽ പത്തുപേർ കൊല്ലപ്പെട്ടു'** പോലുള്ള പ്രയോഗങ്ങൾ ഭാഷയിൽ വേരൂന്നിക്കഴിഞ്ഞിട്ടുണ്ട്. അർത്ഥത്തിന്റെ തീവ്രത ബോധ്യപ്പെടുത്താൻ ഇതിനു കഴിയുന്നുണ്ട്. എങ്കിലും 'കുട്ടിയാൽ പുസ്തകം വായിക്കപ്പെട്ടു' എന്ന മട്ടിലുള്ള പ്രയോഗങ്ങൾ ഒഴിവാക്കുന്നതുതന്നെയാണ് ഭാഷയ്ക്ക് നല്ലത്.

**അനുപ്രയോഗം**

മറ്റ് ധാതുക്കളെ സഹായിക്കാനായി അതിനടുത്ത് പരമായി പ്രയോഗിക്കുന്ന ധാതുവാണ് അനുപ്രയാഗം. ഒരു ക്രിയയുടെ അർത്ഥ ഭേദമോ അർത്ഥപൂർത്തിയോ, കാലത്തിലുള്ള നൈരന്ത ര്യമോ കുറിക്കാൻ ഒന്നോ അധികമോ ക്രിയകളെ പിന്നിൽ ചേർക്കുകയാണ് ചെയ്യുന്നത്. മുന്നിൽ നിൽക്കുന്ന പ്രധാന ക്രിയയ്ക്ക് പ്രാക് പ്രയോഗം എന്നുപറയുന്നു. കാലം, പ്രകാരം, സന്ദേഹം തുടങ്ങിയ വിവിധങ്ങളായ അർത്ഥങ്ങളെ അനുപ്രയോഗം വഴികാണിക്കാൻ കഴിയുന്നു.

അനുപ്രയോഗങ്ങൾ മൂന്നുവിധമാണ്.

1. ഭേദകാനുപ്രയോഗം: കാല സൂചനയുണ്ടെങ്കിലും അർത്ഥഭേദത്തിനാണ് പ്രാധാന്യം.

1. കൊള്ളുക – സ്വയം പ്രവൃത്തി, സ്വോപയോഗം, ചുമതല, വിനയം, നൈരന്തര്യം, സമ്മതം എന്നീ അർത്ഥങ്ങൾ.

നിന്നോടൊപ്പം വന്നുകൊള്ളുന്നു – സ്വയം പ്രവൃത്തി.

കാര്യം ഞാൻ സാധിച്ചു കൊള്ളാം – ചുമതല

വിവരംതിരുമനസ്സ് ഉണർത്തിച്ചുകൊള്ളുന്നു – വിനയം

നിങ്ങൾ പോയ്ക്കൊള്ളൂ – സമ്മതം

അവൻ എഴുതിക്കൊണ്ടിരിക്കുന്നു – നൈരന്തര്യം.

2. ഇട് – സ്വാർത്ഥത്തിനും ദൃഢീകരണത്തിനും

വേപ്പിന്റെ കയ്പ് ശമിച്ചീടുമോ – സ്വാർത്ഥം.

നിങ്ങൾ വന്നിട്ട് വേണം എനിക്ക് പോകാൻ – ദൃഢീകരണം.

3. വെയ് – സ്വകൃത്യകരണം, സന്ദേഹം, ലാഘവം, താൽക്കാലിക വിരാമം എന്നീ അർത്ഥങ്ങൾ.

ധർമ്മത്തെ പാലിച്ചേക്കുക – സ്വകൃത്യകരണം

പറഞ്ഞേച്ച് പോന്നു – സന്ദേഹം

ഞാൻ വന്നേക്കാം – ലാഘവം

വിസ്താരം നിറുത്തിവെയ്ക്കുന്നു – താൽക്കാലിക വിരാമം

4. വിട് – ദൂത്യം, ക്ഷണികത ഇവ കാണിക്കുന്നു.

ആള് പറഞ്ഞു വിട്ടു – ദൂത്യം

പലതും തട്ടിവിട്ടു – ക്ഷണികത

5. കള – നിശ്ശേഷത, സാഹസം, അനായാസം, അനാസ്ഥ

നശിപ്പിച്ചു കളഞ്ഞു – നിശ്ശേഷത

6. അരുൾ – ബഹുമാനം, ആചാരം ഇവ കാണിക്കുന്ന പഴയ പ്രയോഗം.

ദു:ഖം തീർത്തരുളുക

7. ചമ – അവസ്ഥാ സൂചകം

കാര്യങ്ങൾ വന്നു ചമഞ്ഞു

8. പോവ് – അശ്രദ്ധ അമ്പരപ്പ്, പരിണാമം,

കള്ളം പറഞ്ഞു പോയി – അശ്രദ്ധ

മിഴിച്ചിരുന്നു പോയി – അമ്പരപ്പ്

തോറ്റുപോയി – പരിണാമം

9. വര് – പതിവ്, ക്രമവൃദ്ധി ഇവയെ കാണിക്കുന്നു.

ഉത്സവം നടത്തിവരുന്നു – പതിവ്

വളരുന്തോറും ബുദ്ധി വികസിച്ചു വരുന്നു – ക്രമവൃദ്ധി

10. പോര് – പതിവ്, ഫലപ്രതീക്ഷ

സൂര്യൻ കിഴക്ക് ഉദിച്ചുപോരുന്നു – പതിവ്

പറഞ്ഞുപോരാം – ഫലപ്രതീക്ഷ

11. കൂട് – ശക്തി, ക്രിയാസമാപ്തി, നിയോഗം

കാര്യങ്ങൾ അങ്ങനെ വന്നുകൂടി –ക്രിയാവസാനം

മിണ്ടിക്കൂടാ – ശക്തി

മടിച്ചുനിന്നുകൂടാ – നിയോഗം

12. കഴി – ക്രിയാവസാനം, സാമർത്ഥ്യം

പറഞ്ഞുകഴിഞ്ഞു – ക്രിയാവസാനം

അത് ചെയ്യാൻ കഴിയും – സാമർത്ഥ്യം

**കാലാനുപ്രയോഗം** – കാലത്രയങ്ങളിൽ ചില താരതമ്യങ്ങളെ കൂടി കാണിക്കാൻ ഇതിനു കഴിയുന്നു. ഭൂതകാലത്തിൽ ക്രിയ എപ്പോഴാണ് നടന്നതെന്ന് കാണിക്കാനും, വർത്തമാനകാലത്തിലെ നൈരന്തര്യത്തെകുറിക്കാനും ഇതുപയോഗിക്കുന്നു.

1. ഇരിധാതുവിനെ അനുപ്രയോഗിച്ച് കാലത്തിൽ വരുന്ന ചെറിയവ്യത്യാസങ്ങളെ കാണിക്കാൻ കഴിയും.

   അവൻ പോയിരുന്നു – ഭൂതം

   അവൻ വന്നിരിക്കുന്നു – വർത്തമാനം

   അവൻ പോയിരിക്കും – ഭാവി

2. ഇട്ടുൾ – ഫലാനുവൃത്തി – ആസന്നഭൂതകാലം

   വ്യാകരണം പഠിച്ചിട്ടുണ്ട് – ഫലാനുവൃത്തി

   അവൻ എത്തിയിട്ടുണ്ട് – ആസന്നഭൂതകാലം

3. കൊൾ + ഇരി : ക്രിയാനുബന്ധം

എഴുതികൊണ്ടിരിക്കുന്നു

എഴുതികൊണ്ടിരുന്നു

എഴുതികൊണ്ടിരിക്കും

4. ആ + ഇരി : ഊഹത്തെ കാണിക്കുന്നു

പറയണമായിരിക്കും

പറഞ്ഞായിരിക്കും

പറയുമായിരിക്കും

**പൂരണാനുപ്രയോഗം** : എണ്ണത്തിൽ കുറവാണെങ്കിലും ഖിലധാതുക്കളെ പൂരിപ്പിക്കാൻ ഇതാണുപ യോഗിക്കുന്നത്.

1. ഉൾ : ഉണ്ട്, ഉണ്ടായി, ഉണ്ടാകും, ഉണ്ടാകണം

# മൊഡ്യൂൾ –5

# വാക്യവിചാരം

**സമാസങ്ങൾ** : വിഭക്തിപ്രത്യയങ്ങളുടെ സഹായമില്ലാതെ രണ്ട് പദങ്ങളെ കൂട്ടിച്ചേർക്കുന്നതാണ് സമാസം. രണ്ടോ അതിലധികമോ പരങ്ങൾ ചേർന്നുണ്ടാകുന്നതാണ് സമാസം എന്നാണ് പൊതുവെയുള്ള നിർവ്വചനം. ജോർജ്ജ് മാത്തൻ, ശേഷഗിരിപ്രഭു എന്നിവരെല്ലാം സമാസത്തെ നിർവ്വചിക്കുന്നതിങ്ങനെയാണ്.

വിഭക്തിക്കുറി കൂടാതെ

**പദയോഗം സമാസമാം** – എന്ന് എ.ആർ. നിർവ്വചിച്ചിരിക്കുന്നു. തലയിലെ വേദന എന്നതിന് പകരം തലവേദന എന്നായാൽ സമാസമായി.

ഘടകപദങ്ങളുടെ പ്രാധാന്യമനുസരിച്ച് മലയാളത്തിൽ സമാസങ്ങളെ മൂന്നായി തിരിച്ചിരിക്കുന്നു

1. ഉത്തരപദാർത്ഥപ്രദാനം – തൽപ്പുരുഷൻ

   ഉദാ : തലവേദന

2. അന്യപദാർത്ഥപ്രധാനം – ബഹുവ്രീഹി

   ഉദാ : താമരക്കണ്ണൻ

3. ഘടകപദങ്ങൾക്ക് തുല്യ പ്രാധാന്യം – ദ്വന്ദ്വൻ

   ഉദാ : കൈകാലുകൾ

തൽപ്പുരുഷൻ വിഗ്രഹിക്കുമ്പോൾ ചേർക്കുന്ന പ്രത്യയമനുസരിച്ച് പലതായി വരുന്നുണ്ട്.

1. **നിർദ്ദേശികാതൽപ്പുരുഷൻ** : ഇതിന് കർമ്മധാരയൻ എന്നും പേരുണ്ട്. വിഗ്രഹിക്കുമ്പോൾ 'ആയ' എന്നപ്രത്യയം ചേർക്കുന്നു.

   ഉദാ : മഞ്ഞക്കിളി, കൊന്നത്തെങ്ങ്, നീലമേഘം

2. **പ്രതിഗ്രാഹികാതൽപ്പുരുഷൻ** : വിഗ്രഹിക്കുമ്പോൾ 'എ'പ്രത്യയം ചേരുന്നു.

   ഉദാ : പാക്കുവെട്ടി, കാലിമേയ്ക്കൽ, കോഴിവളർത്തൽ

3. **സംയോജികാതൽപ്പുരുഷൻ ;** ഓട് പ്രത്യയം ചേർത്ത് വിഗ്രഹിക്കും

   ഉദാ : ഭാഷാസ്നേഹം, ശത്രുവിരോധം, പുസ്തകപ്രേമി

4. **ഉദ്ദേശിക തൽപ്പുരുഷൻ** : ക്ക്, വ്, പ്രത്യയം ചേരുന്നു

   ഉദാ : പടക്കുതിര, കടത്തുവള്ളം, പൂജപ്പുര

5. **പ്രയോജിക തൽപ്പുരുഷൻ** : ആൽ പ്രത്യയം ചേരുന്നു

   ഉദാ : ഇരുമ്പ് പെട്ടി (കൊണ്ടുള്ള) ശാപഗ്രസ്തൻ

6. **സംബന്ധിക തൽപ്പുരുഷൻ** : ഉടെ പ്രത്യയം ചേരും

   ഉദാ : പശുക്കുട്ടി, സമുദ്രതീരം, തടിക്കഷണം

7. **ആധാരിക തൽപ്പുരുഷൻ** : ഇൽ, കൽ പ്രത്യയങ്ങൾ

   ഉദാ : തലമുടി (ഇലെ), കടൽക്കുതിര, വീട്ടുവേല

8. **ഉപമാതൽപ്പുരുഷൻ** : 'പോലുള്ള' ചേരും

   ഉദാ : തളിർമേനി, താമരമുഖം

9. **രൂപക തൽപ്പുരുഷൻ** : 'ആകുന്ന' ചേരും

   ഉദാ : പാദപങ്കജം, മുഖകമലം

10. **മധ്യമപദലോപി** : സമാസിക്കുമ്പോൾ മധ്യപദം ലോപിക്കും

    ഉദാ : തീപ്പെട്ടി ( തീ ഉണ്ടാക്കാനുള്ള)

    മഞ്ഞുതൊപ്പി (മഞ്ഞിനെ തടുക്കുന്ന)

11. **ദ്വിഗു** : വിശേഷണസ്ഥാനത്ത് സംഖ്യാവാചി ശബ്ദം വന്നാൽ

    ഉദാ : മൂലോകം, അയ്യമ്പ്

**വാക്യവിചാരം**

ശബ്ദങ്ങളുടെ വേർപ്പെടുത്താനാവാത്ത പരസ്പരബന്ധമാണ് ആകാംക്ഷ. ആകാംക്ഷകളെല്ലാം പൂർത്തിയാകുംവിധം പദങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്നതാണ് വാക്യം വാക്യരചനയുടെ സൗന്ദര്യവും, അർത്ഥഭംഗിയും ആവിഷ്കർത്താവുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ, പദങ്ങളെ അടുക്കുന്നതിലെ വ്യവസ്ഥകളും, പൊരുത്തങ്ങളും വ്യാകരണ ചർച്ചയുടെ ഭാഗമാണ്. ഈ വ്യാകരണ കാര്യമാണ് വാക്യവിചാരത്തിന്റെ വിഷയം.

**ആഖ്യ–അഖ്യാതം**

വാക്യത്തിന് രണ്ട് ഭാഗങ്ങളുണ്ട്. എന്തിനെകുറിച്ചാണോ പറയുന്നത് അത് ആഖ്യ. അതിനെന്ത് സംഭവിച്ചു എന്ന് പറയുന്നത് ആഖ്യാതം. ആഖ്യ എല്ലായ്പോഴും നാമപദമായിരിക്കും. ഉദാഹരണമായി പട്ടികടിച്ചു എന്നു പറയുമ്പോൾ പട്ടി ആഖ്യയും കടിച്ചു ആഖ്യാതവുമായിരിക്കും. ആഖ്യാതം വാക്യത്തിലെ ക്രിയാംശമായിരിക്കും. വാക്യം വലുതായി വരുന്തോറും ആഖ്യയ്ക്കൊപ്പവും ആഖ്യാതത്തിനൊപ്പവും വിശേഷണങ്ങളും പരിവാരങ്ങളുമുണ്ടായിരിക്കും. മാങ്ങവീണു എന്ന കൊച്ചുവാക്യത്തിൽ 'മാങ്ങ' ആഖ്യയും 'വീണു' ആഖ്യാതവുമാണ്. ഇതേ വാക്യം 'പഴുത്ത

മാങ്ങ മാവിൽ നിന്നു വീണു' എന്നാവുമ്പോൾ 'പഴുത്ത' ആഖ്യയുടെ വിശേഷണവും 'കയ്യിൽ നിന്ന്' ആഖ്യാതത്തിന്റെ വിശേഷണവുമാകുന്നു. വിശേഷണങ്ങളുണ്ടെങ്കിൽ കർത്താവും വിശേഷണവും ചേർന്നതാണ് ആഖ്യ. ക്രിയയും വിശേഷണവും ചേർന്നതാണ് ആഖ്യാതം.

കർത്താവ്, കർമ്മം, ക്രിയ എന്നാണ് സാധാരണയായി വാക്യത്തിലെ പദക്രമം. എന്നാൽ പ്രാധാന്യമനുസരിച്ച് ഇവയെ ക്രമം മാറ്റുന്നതിനും വിരോധമില്ല. എന്നാൽ വ്ശേഷണ വിശേഷ്യപ്പൊരുത്തം വ്യത്യാസപ്പെടാനിടയാകരുത്.

ഉദാ : 'രാമൻ രാവണനെ കൊന്നു' എന്ന വാക്യത്തിൽ രാമനാണ് പ്രാധാന്യമെങ്കിൽ 'രാവണനെ രാമൻ കൊന്നു' എന്ന് വാക്യം മാറുമ്പോൾ രാവണന് പ്രാധാന്യം കൈവരുകയാണ്.

ലിംഗവചനപ്പൊരുത്തമാണ് ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത. നാമവിശേഷണങ്ങൾ നാമവുമായി പൊരുത്തപ്പെടേണ്ടതാണ്.

ഉദാ : സുന്ദരനായ പുരുഷൻ

സുന്ദരിയായ പെൺകുട്ടി

സൗന്ദര്യമുള്ള ആളുകൾ എന്ന രീതിയിലാവണം വാക്യത്തിൽ ക്രമീകരിക്കേണ്ടത്. സർവ്വനാമപ്പൊരുത്തവും കാലപ്പൊരുത്തവുമെല്ലാം ദീക്ഷിച്ചിരിക്കണം. ബഹുവചന സൂചനയുള്ള പദം ഉള്ള വാക്യം അവസാനിച്ചാൽ സർവ്വനാമം അവർ എന്നു വെച്ചായിരിക്കനം തുടങ്ങേണ്ടത്.

ഉദാ : കുട്ടികൾ പഠിക്കുന്നു. അവർക്ക് പരീക്ഷയാണ്. ഇവിടെ അവൾ എന്നോ അവൻ എന്നോ ആവരുത്.

വാക്യവിഭാഗങ്ങൾ

മൂന്നുവിധം വാക്യങ്ങളാണുള്ളത്.

ചൂർണിക, സങ്കീർണകം, മഹാവാക്യം, എന്നിവയാണവ.

ചൂർണിക : ഒരു കർത്താവും ഒരു ക്രിയയും മാത്രമടങ്ങുന്ന ഒരു അംഗിവാക്യം മാത്രമായ വാക്യങ്ങളാണിവ.

ഉദാ : രാമൻ മരം മുറിച്ചു.

ഇതിൽ കർത്താവും ഒരു പൂർണ ക്രിയയുമാണുള്ളത്.

സങ്കീർണകം : ഒരു അംഗിവാക്യവും എത്രയെങ്കിലം അംഗവാക്യങ്ങളും ഉള്ള വാക്യമാണിത്. പറ്റുവിനകളാണ് അംഗവാക്യത്തിന്റെ അടിസ്ഥാനം.

ഉദാ : പട്ടി കുരച്ചോടിയപ്പോൾ രാമൻ ചങ്ങല വിട്ടുകളഞ്ഞു.

മഹാവാക്യം : ഒന്നിലധികം അംഗിവാക്യങ്ങൾ അടങ്ങുന്നതാണ് മഹാവാക്യം. കുറഞ്ഞത് രണ്ട് അംഗിവാക്യങ്ങൾ എങ്കിലും മഹാവാക്യത്തിൽ ഉണ്ടാവേണ്ടതാണ്.

ഉദാ : രാമൻ കുറേ സമയം കളിക്കുകയും പിന്നീട് പാട്ട് പഠിക്കാൻ പോവുകയും ചെയ്തു.

അപോദ്ധാരം : വാക്യത്തിലെ അംഗ, അംഗി വാക്യങ്ങൾ കണ്ടുപിടിച്ച് പദങ്ങളുടെ ബന്ധം കണ്ടുപിടിക്കുന്ന സമ്പ്രദായമാണ് അപോദ്ധാരം. അംഗ അംഗി വാക്യങ്ങൾ കണ്ടെത്തി ഏത് തരം വാക്യമാണെന്ന് തീരുമാനിക്കുകയും, പിന്നീട് അംഗിവാക്യങ്ങളിലെ ആഖ്യയും ആഖ്യാതവും വേർതിരിച്ച് വിശേഷണം, കർത്താവ്, കർമ്മം, വിശേഷണം, ക്രിയ എന്നിവ വേർതിരിക്കുകയും ചെയ്യുന്നതാണ് അപോദ്ധാരം.

വിവർത്തനപ്രക്രിയ

വിവർത്തന പ്രക്രിയ എന്നാൽ വികസന പ്രക്രിയ എന്നാണർത്ഥം. ആശയവിനിമയത്തിനായി മനുഷ്യൻ കണ്ടെത്തിയ ഉപാധിയാണ് ഭാഷ. ആദിയിൽ എല്ലാ ഭാഷകളും വാമൊഴികൾ മാത്രമായിരുന്നു. കാലാന്തരത്തിൽ അതിന്റെ പുരോഗതിയിലാണ് ലിപിയും സാഹിത്യവുമെല്ലാം ആവിർഭവിക്കുന്നത്, ഇന്നും ഭൂമുഖത്തുള്ള ഭാഷകളിൽ വിരലിലെണ്ണാവുന്നവയിൽ മാത്രമേ ലിപിയും സാഹിത്യവുമുള്ളൂ. ആദ്യകാലങ്ങളിൽ ഭാഷകളിൽ വളരെക്കുറച്ച് പ്രയോഗങ്ങളെ ഉണ്ടായിരിക്കാനിടയുള്ളു. പിന്നീട് ആവശ്യാനുസരണം പെരുകി വരികയാണുണ്ടായത്, പഴയ പല പ്രയോഗങ്ങളും അപ്രത്യക്ഷമാവുകയും പുതിയവ പലതും പ്രത്യക്ഷപ്പെടുകയും ചെയ്തിട്ടുണ്ട്.

ഭാഷയുടെ വികാസദശയിലാണ് ഈ പരിണാമങ്ങൾ നടക്കുന്നത്. ഒരു വിത്ത് നട്ട് മുളച്ച് തടിയും ശാഖോപശാഖകളുമുള്ള ഒരു വടവൃക്ഷം പടർന്ന് പന്തലിച്ചു നിൽക്കുന്നതു പോലെയാണ് ഭാഷാവികസന സങ്കല്പം. ആദിയിൽ പലതും ഏകാക്ഷരധാതുക്കളായിരിക്കണം. പുന്നീട് ആവശ്യാനുസരണം പ്രത്യയങ്ങളെ ചേർത്ത് വികസിപ്പിച്ചാണ് നാം ഉന്നു കാണുന്ന നിലയിലെത്തുന്നത്. ഉദാഹരണമായി ചെറു എന്ന ധാതു ചെറുത്, ചെറുതായി, ചെറുതാവുന്നു, ചെറുതാവുകയാണ്, ചെറുതായിക്കൊണ്ടിരിക്കുന്നു, ചെറുതാവുന്നുണ്ട് എന്നിങ്ങനെ വികസിച്ചു വരികയാണ് ചെയ്യുന്നത്.

അതുപോലെ വിട് എന്ന ധാതുവിൽ നിന്ന് വിടുക, വിടരുക, വെടിയുക, വെട്ടുക എന്നിവയും തിര് എന്ന ധാതുവിൽനിന്നുതന്നെ തിരുകുക, തിരിയുക, തിരിക്കുക, തിരുമ്പുക എന്നിവയും വരുന്നതായി കാണുന്നുണ്ട്.

വിവർത്തനപ്രക്രിയ പ്രധാനമായും മൂന്നു വിധത്തിലാണ് നടക്കുന്നത്.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ദ്വിത്വം | – | വറ് | – | വറ്റുന്നു, | പൊട് | – | പൊട്ടുന്നു |
| ദൈർഘ്യം | – | മറ് | – | മാറുന്നു, | പുക് | – | പൂകുന്നു |
| പ്രത്യയയോഗം | – | പറ് | – | പറക്കുന്നു, | നട് | – | നടക്കുന്നു |
| | | പെര് | – | പെരുക്കുന്നു | വീ | – | വീശുന്നു. |

**********